No. 225

OCTOBER 2010

# KERALA PRIVATE COLLEGE TEACHER

*a monthly journal of the all kerala private college teachers' association*



## Kerala's Initiatives in Higher Education

KERALA PRIVATE
# COLLEGE TEACHER
*a monthly journal of*
*the all kerala private college teachers' association*

No.225 OCTOBER 2010

EDITORIAL BOARD

*Chief Editor*
Dr. S. Jayaraj kumar

*Managing Editor*
Dr. V. Jayakumar

*Assistant Editor*
Dr. G. S. Suresh

*Members*
M. Safarudeen
Dr. V. Rajendran Nair
D. Salimkumar
Kumari Geetha. S
Dr. K. Sreevalsan
M.S.Vasanthakumar
Dr. Mathew J. Muttath
B. Bhuvanendran
A.G. Olina
Dr. K.Biju kumar
Promod Vallachal
Dr. C. Sudheer

AKPCTA State Committee Office
Mathurbhoomi Road, Vanchiyoor
Thiruvananthapuram-35
Phone: 0471- 2463494
Fax: 0471-2468984
Mobile:09495425219
e-mail:akpctatvm@gmail.com
www.akpcta.org

## inside




225

**New initiatives in Higher Education**

ഇടതുപക്ഷ ബദലും
കേരള വികസനവും
എ. നിഷാന്ത്

**Draft Report of the Committee to reivew the Acts of Universities in Kerala.**

നീർമണിക്കാലം (കവിത)
ബി. ഭുവനേന്ദ്രൻ

General Secretary's Page

Economic Focus

വാർത്താമധ്യം

ശാസ്ത്രജാലകം

വനിതാവേദി

സർവ്വീസ് പംക്തി

സമരപഥങ്ങൾ

പുസ്തകലോകം

നിവേദനം

സർക്കാർ ഉത്തരവ്

എഡിറ്റോറിയൽ

# സർവകലാശാലാനിയമങ്ങൾ സമയബന്ധിതമായി പരിഷ്ക്കരിക്കണം

സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ, കാൺപൂർ ഐ.ഐ.ടി. ചെയർമാൻ ഡോ. എം. അനന്തകൃഷ്ണൻ അധ്യക്ഷനായുള്ള കമ്മിറ്റി, സർവകലാശാലാനിയമങ്ങളിൽ വരുത്തേണ്ട പരിഷ്ക്കാരങ്ങളെ സംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് (പൂർണ്ണരൂപം ഉൾപേജുകളിൽ) വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ, ആവശ്യമായ മാറ്റങ്ങളോടെ, സമയബന്ധിതമായി നടപ്പാക്കേണ്ടതുണ്ട്.

കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് സർവകലാശാലാനിയമങ്ങൾ പരിഷ്ക്കരിക്കാൻ നടത്തിയ നീക്കം വ്യാപകമായ എതിർപ്പിനെത്തുടർന്ന് മാറ്റി വയ്ക്കുകയായിരുന്നു. എല്ലാ സർവകലാശാലകളേയും ഒരുകുടക്കീഴിൽ ഒരു നിയമത്തിന്റെ ചട്ടക്കൂട്ടിൽ കൊണ്ടുവരുന്ന 'ഏകീകൃതസർവകലാശാലാനിയമം' എന്ന ആശയമാണ് അന്ന് ഏറെ എതിർപ്പു ക്ഷണിച്ചുവരുത്തിയത്. 'ഏകീകൃതസർവകലാശാലാനിയമം' എന്ന ആശയം അനന്തകൃഷ്ണൻ കമ്മിറ്റി തള്ളിക്കളഞ്ഞിട്ടുള്ളത് സ്വാഗതാർഹം തന്നെ. എല്ലാ സർവകലാശാലകൾക്കും ഒരുപോലെ ബാധകമായ പൊതുതത്വങ്ങളും സമീപനങ്ങളും ശുപാർശ ചെയ്യുമ്പോൾ തന്നെ, ഓരോ സർവകലാശാലയും പ്രാദേശികവും അക്കാദമികവുമായ വ്യതിരിക്തത നിലനിർത്തത്തക്കവിധം അവയുടെ ഭരണനിർവ്വഹണസംവിധാനങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണമെന്നാണ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളത്. ഇതു പ്രാവർത്തികമാക്കുന്നതിന്, പൊതുതത്വങ്ങളിൽ ഉറച്ച് നിന്നുകൊണ്ടുതന്നെ, ഓരോ സർവകലാശാലാനിയമത്തിന്റെയും വിശദാംശങ്ങളെ സംബന്ധിച്ച് പഠനങ്ങളിലുടെയും ചർച്ചകളുടേയും അടിസ്ഥാനത്തിൽ തീരുമാനങ്ങൾ എടുക്കുകയും അവ സമയബന്ധിതമായിതന്നെ നടപ്പാക്കുകയും വേണം.

ജനാധിപത്യവൽക്കരണവും അധികാരവികേന്ദ്രീകരണവും സ്വയംഭരണവും സാമൂഹ്യഉത്തരവാദിത്വവും അക്കാദമികമികവും സമന്വയിപ്പിക്കുന്ന സമീപനമാണ് അനന്തകൃഷ്ണൻ കമ്മിറ്റി സ്വീകരിച്ചിട്ടുള്ളത്. സർക്കാരും സർവകലാശാലകളും പരസ്പരപൂരകമായി അധികാരവും അവകാശങ്ങളും പങ്കുവെയ്ക്കുന്നതിനെക്കുറിച്ച് സുവ്യക്തമായ കാഴ്ചപ്പാടാണ് കമ്മിറ്റിക്കുള്ളത്. സംസ്ഥാനതലത്തിൽ നയരൂപീകരണം നടത്തുന്നതിനും സാമ്പത്തികസ,

ഹായം നൽകുന്നതിനും സർവകലാശാലകളുടെ പ്രവർത്തനങ്ങൾ കലാകാലങ്ങളിൽ വിലയിരുത്തി മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നുതിനും സർക്കാരിനുള്ള അവകാശവും ബാധ്യതയും നിലനിർത്തിക്കൊണ്ടുതന്നെ, സർവകലാശാലകളുടെ ദൈനംദിന ഭരണത്തിൽനിന്നും സർക്കാരിനെ കൈപ്പാടകലെ നിറുത്താൻ സഹായകമായ പ്രായോഗികനിർദ്ദേശങ്ങളും കമ്മിറ്റിയുടെ ശുപാർശകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

തിരഞ്ഞെടുക്കപ്പെട്ട ഏതാനും *മികവിന്റെ കേന്ദ്രങ്ങൾക്ക്* സ്വയംഭരണം നൽകു ന്നതിനുപകരം പരസ്പര സഹകരണത്തിന്റെ അടിസ്ഥാനത്തിൽ യോജിച്ച പ്രവർത്തനങ്ങൾക്ക് തയ്യാറുള്ള അക്കാദമികകൂട്ടായ്മകൾക്ക് സ്വയംഭരണം നൽകണമെന്ന ആശയമാണ് കമ്മിറ്റി മുന്നോട്ട് വെച്ചിട്ടുള്ളത്. മത്സരാധിഷ്ഠിതകമ്പോളത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ഉതകുംവിധം ഓരോ സ്ഥാപനത്തിനും സ്വയംഭരണം എന്ന ആവശ്യമുയർത്തിക്കൊണ്ട് തൽപരകക്ഷികൾ 'ക്ലസ്റ്റർ' സംവിധാനത്തിനെതിരെ ഇപ്പോൾതന്നെ രംഗത്തെത്തിയിട്ടുണ്ട്. കോത്താരികമ്മീഷൻ മുതൽ ദേശീയവിജ്ഞാനകമ്മീഷൻവരെ ശുപാർശ ചെയ്തിട്ടുള്ളതും വിവിധ രാജ്യങ്ങളിൽ ഫലപ്രദമായി നടപ്പാക്കിയിട്ടുള്ളതുമായ ക്ലസ്റ്റർ സംവിധാനം എല്ലാവർക്കും ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാൻ സഹായകമാകുമെന്ന കാര്യത്തിൽ പക്ഷാന്തരമില്ല. "ന്യൂനപക്ഷ" താത്പര്യങ്ങൾക്കും "സമുദായ" താത്പര്യങ്ങൾക്കും അക്കാദമികതാത്പര്യങ്ങളേക്കാൾ മുൻതൂക്കം നൽകുന്ന തൽപരകക്ഷികൾക്കെതിരെ ശക്തമായ നിലപാട് എടുത്തുകൊണ്ട് മാത്രമെ, അർത്ഥവത്തായ ഘടനാപരമായ മാറ്റങ്ങൾ നടപ്പാക്കാനാവു. ഇതിനുള്ള ഇച്ഛാശക്തി സർക്കാരും സർവകാലാശാലകളും പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു.

സ്വകാര്യവിദ്യാഭ്യാസ ഏജൻസികളുടെ അനിയന്ത്രിതമായ കച്ചവടമോഹങ്ങളും ഇടുങ്ങിയ സമുദായതാത്പര്യങ്ങളും ശക്തമായി കൈകോർക്കുന്ന സമീപകാല സാഹചര്യത്തിൽ അധ്യാപകരുടെ അക്കാദമിക സ്വാതന്ത്ര്യവും സേവന-വേതന വ്യവസ്ഥകളും സംരക്ഷിക്കുന്നതിനാവശ്യമായ നിയമഭേദഗതികൾ അനന്തകൃഷ്ണൻകമ്മിറ്റി സമർപ്പിച്ച ശുപാർശകളിൽ ഉൾക്കൊള്ളിച്ചതായികാണുന്നില്ല. പ്രൊഫ. ടി.ജെ.ജോസഫടക്കം ഒട്ടേറെ ധിഷണാശാലികളായ അധ്യാപകർ സമീപകാലത്ത് മാനേജ്മെന്റുകളുടെ നിർദാക്ഷണ്യമായ ശിക്ഷാനടപടികൾക്ക് വിധേയരായ സാഹചര്യങ്ങൾ ആവർത്തിക്കുന്നതിന് അനുവദിച്ചുകൂടാ. യു.ജി.സി. മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ - സർവകലാശാല പ്രതിനിധികൾ അടങ്ങുന്ന സെലക്ഷൻ കമ്മിറ്റി തിരഞ്ഞെടുക്കുന്ന അധ്യാപകന്റെ സേവനം ഏകപക്ഷീയമായി അവസാനിപ്പിക്കാൻ മാനേജർക്ക് അധികാരം നൽകുന്ന സർവകലാശാലാനിയമം മാറിയേതീരു. ശമ്പളം നൽകുന്ന സർക്കാരിനും അക്കാദമിക മോണിട്ടറിംഗ് നടത്തുന്ന സർവകലാശാലക്കും ഇത്തരം കാര്യങ്ങളിൽ കുടുതൽ ശക്തമായി ഇടപ്പെടുന്നതിനാവശ്യമായ വ്യവസ്ഥകൾകൂടി ഉൾക്കൊള്ളിച്ചുക്കൊണ്ടുള്ള സർവകലാശാലാനിയമപരിഷ്ക്കാരമാണ് ആവശ്യം.

# തെരഞ്ഞെടുപ്പ് പ്രചരണത്തിൽ പങ്കാളികളാകുക

ഒക്ടോബർ 23, 25 തീയതികളിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടക്കുകയാണ്. അധികാരവികേന്ദ്രീകരണ ശ്രമങ്ങളിൽ കേരളം ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിലും പ്രാദേശിക വികസനരംഗത്ത് ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിലും കേരളത്തിലെ ഇടതുപക്ഷസർക്കാരുകളുടെ പങ്ക് എതിരാളികൾപോലും അംഗീകരിക്കുന്നതാണ്. തദ്ദേശഭരണരംഗത്ത് സുതാര്യതയും കാര്യക്ഷമതയും നേടിയെടുക്കുന്നതിന് ഇടതുപക്ഷ സർക്കാർ മുൻകയ്യെടുക്കുകയുണ്ടായി. ജനനമരണരജിസ്ട്രേഷനിലും നികുതി പിരിവിലും അത്യാവശ്യം മെയിന്റനൻസ് പണികളിലും മാത്രം ഒതുങ്ങി നിന്നിരുന്ന പഞ്ചായത്തുകൾ ഇന്ന് ജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ ഒഴിവാക്കാനാവാത്ത സ്ഥാപനങ്ങളായി മാറിയിട്ടുണ്ട്. ഇതിൽ നിർണ്ണായകമായ പങ്കാണ് കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കുളളത്. കാർഷികരംഗത്തും ചെറുകിട ഉൽപാദനരംഗത്തും കേരളത്തിന് ശ്രദ്ധേയമായ മുന്നേറ്റമുണ്ടാക്കുവാൻ പഞ്ചായത്തുകളുടെ ശാക്തീകരണത്തിലൂടെ സാധ്യമായിട്ടുണ്ട്.



സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിനും അവരെ വികസനമേഖലയിലെ നിർണ്ണായക ശക്തിയാക്കി മാറ്റുന്നതിനും കുടുംബശ്രീ പദ്ധതികളിലൂടെയും മിനി-മൈക്രോ സാമ്പത്തിക സംരഭങ്ങളിലൂടെയും നടത്തിയ ശ്രമങ്ങൾ സമൂഹത്തിൽ വലിയ ചലനം സൃഷ്ടിക്കുവാനുതകുന്നതായിമാറി. ഇന്ന് കേരളത്തിലെ തൊഴിൽരഹിതരും തുഛവരുമാനക്കാരുമായ സ്ത്രീകൾ പ്രാദേശികതലത്തിൽ സംഘടിതരും അവകാശബോധമുളളവരും നാടിന്റെ കാര്യങ്ങളിൽ ക്രിയാത്മകമായി ഇടപെടാൻ കഴിവുളളവരുമായി മാറിക്കഴിഞ്ഞു. ഇതിന്റെ പിന്നിൽ ഇടതുപക്ഷ സർക്കാർ നടപ്പിലാക്കിയ ജനകീയ ആസൂത്രണ പരിപാടിയും ഇതരപദ്ധതികളും തന്നെയായിരുന്നുവെന്ന് ഏവർക്കുമറിയാവുന്നതാണ്.

അധികാര വികേന്ദ്രീകരണരംഗത്ത് നാം നേടിയ നേട്ടങ്ങൾ ലോകമാകെ അംഗീകരിക്കുകയും പ്രശംസിക്കപ്പെടുകയും ചെയ്തതാണ്. സ്ത്രീകൾക്ക് 33% സംവരണമെന്നതിൽ നിന്നും 50%ലേക്ക് വർദ്ധിപ്പിച്ചതിലും പ്രാദേശികതലത്തിൽ നടത്തിയ കുടുംബശ്രീയുടെ പ്രവർത്തനത്തിലും പഞ്ചായത്തുകളുടെ ഇടപെടലിലൂടെ തൊഴിലുറപ്പ് പദ്ധതി ക്രിയാത്മകമായി നടത്തിയതിലും കേരളം ഇന്ത്യയ്ക്ക് മാതൃകയാണ്. ഇക്കാര്യങ്ങളിൽ കേരളത്തിലെ ഇടതുപക്ഷ സർക്കാരിനെ കേന്ദ്രസർക്കാർ പോലും അംഗീകരിക്കുകയും പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ഈ രംഗത്ത് നമുക്കിനിയും മുന്നേറാനുണ്ട്. പ്രാദേശികവിഭാഗങ്ങളുടെ ഉപയോഗത്തിലും കാർഷിക-വ്യവസായികരംഗത്ത് വളർച്ച നേടിയെടുക്കുന്നതിലും തൊഴിൽസാദ്ധ്യതകൾ കണ്ടെത്തുന്നതിലും ജനശക്തിയുടെ ആസൂത്രിതമായ ഉപയോഗത്തിലുമെല്ലാം നാം ഏറെ മുന്നോട്ടുപോകുവാനുണ്ട്. അതിനായി പ്രതിബദ്ധതയും ദീർഘവീക്ഷണമുളളവർ പഞ്ചായത്തുകളിൽ ജയിച്ചുവരേണ്ടതുണ്ട്. ഇടതുപക്ഷ പ്രസ്ഥാനത്തിനല്ലാതെ മറ്റാർക്കും ഇത്തരത്തിലൊരു ലക്ഷ്യത്തോടെ പഞ്ചായത്തുകളെ നയിക്കാനാവില്ല. ഇത് മനസ്സിലാക്കിക്കൊണ്ട് ഈ വരുന്ന പഞ്ചായത്തുതെരഞ്ഞെടുപ്പിനെ സമീപിക്കുവാനും ഉത്തരവാദിത്തത്തോടെ പ്രചരണ പ്രവർത്തനങ്ങളിലേർപ്പെടുവാനും എ.കെ.പി.സി.ടി.എയുടെ ഓരോ അംഗത്തിനോടും സവിനയം അഭ്യർത്ഥിക്കുന്നു.

# New Initiatives in Higher Education

## A Report

Higher education is at the crossroads all over the world. With the advent of knowledge economy, higher education has come to play a decisive role in the production and distribution of goods and services and in determining the relations of power, social and political.

A two-day meeting held at Mahatma Gandhi University during 15 and 16 September reviewed the progress of the new initiatives taken by the Ministry of Education in Kerala during the last four years. Vice-chancellors, heads of various departments, directors and co-coordinators of new institutions/ programmes held extensive discussions ,with a view to documenting the new initiatives and identifying ways and means for consolidating and strengthening such initiatives.

In his introductory remarks, Dr. Rajan Gurukkal, Vice-Chancellor of Mahatma Gandhi University, who presided over the review meeting on the first day, pointed out that the new initiatives had begun with the constitution of the State Higher Education Council , with Dr.K.N.Panikkar as Vice-Chairman ,an initiative recommended as a model for the entire country by Prof. Yashpal Committee. The Council has pioneered a series of academic reforms such as semesterisation of the under-graduate education through choice-based courses and credits system, the institution of cluster colleges and adoption of a variety of strategies for ensuring excellence in higher education, as exemplified by the Erudite Scheme for bringing Nobel laureates as scholars-in-residence for academic interaction, Teacher Exchange Programme for faculty motivation etc. New Scholarships such as Higher Education Scholarship, Suvarna Jubilee Scholarship , 'Inculcate', 'Nurture' and 'Inspire' for fostering excellence in science, 'Acquire' for encouraging interest in Social Science, and 'Thanma' for promoting literary skills, besides special incentives for developing talent in sports and creative arts promote both equity and excellence in a big way. Dr. Rajan Gurukkal pointed out that the new initiatives are based on the tacit recognition of the fact that economic backwardness and academic low quality are inseparably inter-connected. Addressing the socio-economic causal links of the problem of low gross

enrollment rate (GER) of the youth in the state higher education sector, though it is much higher than the national average, the Ministry floated a number of merit scholarships for students of backward families. Establishment of Inter-University Centres as common resource centres of excellence in specialized areas of convergence at select universities for open access, academic interaction and collaboration across universities is a major new initiative towards promotion of advanced inter-disciplinary teaching, research and extension.

The meeting began with reflections of Kannur ,Cochin and MG University Vice-chancellors by way of institutional self-appraisal of activities and achievements in the context of the new initiatives. Prof. Michael Tharakan talked about how Kannur University, with acute shortage of faculty and other geographically contingent limitations, went ahead turning all problems into prospects of development using various schemes under the new initiatives. Prof. Ramachandran Thekkedath expressed satisfaction about the remarkable progress made by Cochin University in most schemes. Mr. Thomas Joseph, Member Secretary, Higher Education Council made his presentation by reviewing the history of the constitution of the Higher Education Council for the promotion of equity and excellence in higher education, and appraising its schemes under new initiatives.

The Director of Technical Education, reviewing the scheme of visiting faculty, reported the



remarkable achievements made in engineering colleges and polytechnics. He also gave illustrations of advanced training programmes for the engineering faculty and special training programmes for the faculty of polytechnics. Director, IHRD reported the working of 22 applied science colleges, 4 model colleges and the scheme of model polytechnic with focus on studies in renewable energy as a brilliant sustainable alternative. He also reported the working of model finishing schools. Arul Geral Prakash reviewed the progress of the establishment of Science Exploratorium, CV Raman Centre for Basic Astronomy and Sarabhai Space Gallery, fantastic designs for inculcating interest in science etc.

The second day of the review meeting chaired by Prof. Michael Tharakan was solely devoted to discussion of the working of Inter-University Centres. Prof. A.P. Thomas reviewed the working of the Advanced Centre for Environmental Sciences and Sustainable Development which is the earliest and the most advanced in promoting convergence research and extension with extensive adjunct faculty and collaborative network across the country and the world. Dr. Haridas (Kannur University), Dr. Mohanan (Calicut University), Dr. Chandrakumar, Dr. Sreekumar and Dr. N.S.Gopalakrishnan ( Cochin University )reported the progress made in the activities of the schemes under their co-ordinateion.

Dr. Thomas Isac, Minister of Finance listened to presentations on a few centres and promised financial support for innovative and inter-disciplinary research and extension projects. Prof. K.N. Panikkar in his valedictory address emphasized the need for carrying forward the new initiatives in a more rigorous and committed way for achieving the goal of equity, quality

and relevance and to sustain them. He expressed his satisfaction about the performance of the new schemes which have secured for the higher education sector of the state a higher status and ranking in the entire country.

A report on the new initiatives prepared on the basis of the two day deliberations is as follows. The report is organized under the following heads.

(1) INSTITUTIONS/CENTRES

(2) ACADEMIC REFORMS

(3) STRUCTURAL REFORMS

(4) SCHOLARSHIP SCHEMES

(5) CAPACITY BUILDING

(6) ICT INITIATIVES

(7) SUPPORT SERVICES

(8) POLICY FORMULATION

## INSTITUTIONS/CENTRES

### THE KERALA STATE HIGHER EDUCATION COUNCIL

The 1986 National Policy on Education recognized the crucial role of higher education in national development and outlined a policy framework for the large-scale expansion and qualitative improvement of this sector. It was also recognized that state level planning and co-ordination should be required for implementation of national level policies in higher education. Accordingly, it was suggested that state Councils of Higher Education should be set up in each state. The UGC, in consultation with such Councils, would be able to evolve a mechanism to monitor standards in higher education. This policy was further elaborated in the Programme of Action (1992) where it was reiterated that there was no effective machinery for planning and coordination at state level as also coordination of state level programmes with those of the UGC. With a view to filling up this gap, the Programme of Action envisaged setting up of State Councils

The Kerala State Higher Education Council

Equity Excellence

of Higher Education. The UGC had already set up a committee to prepare the guidelines for State Councils of Higher Education. The guidelines were prepared in 1998, following which State Councils were set up in several states.

The first attempt to constitute a State Council of Higher Education in Kerala was made in 2000. A Kerala State Higher Education Council was set up through an executive order. But the Council had only a short life. In 2003, a chapter on State Council of Higher Education was included in the proposed Unified Universities Bill. But the Bill was withdrawn before being enacted. There was a renewed attempt in 2005. A one-day workshop was held, involving Vice-Chancellors, academics and administrators. On the basis of the discussions held at the workshop, a draft Ordinance was prepared. The draft Ordinance was later replaced by a draft Bill. But the Bill was not enacted. The issue was again taken up in 2006, by setting up a Higher Education Commission for making recommendations to the Government for constituting a Higher Education Council. The Kerala State Higher Education Council was constituted on 16/3/2007.

The functions of the Council are as follows:

a) Render advice to the Government, Universities, and other institutions of higher education in the State.
b) Co-ordinate the roles of the Government, Universities & apex regulatory agencies in higher education within the State.

c) Initiate new concepts and programmes in higher education
d) Provide common facilities in higher education without impinging upon the autonomy of other institutions of higher education

## INTER UNIVERSITY CENTERS

New Inter-University Centres have been established within the Universities in Kerala for centrally providing state-of-the-art facilities for researchers working in different universities within the state. The Inter University Centers are interdisciplinary centers for cutting edge research across disciplines. The participating departments could carry out common research programmes synergizing available academic expertise in the universities. Scholars of eminence form various universities within the country and abroad will also be invited as scholars- in- residence to these centers.

The centres that have been established are Centre for Bio-informatics (University of Kerala), Centre for Intellectual Property Rights and Development Studies ( Cochin University of Science and Technology), Centre for Environment and Sustainable Development (MG University) and Centre for Nanomaterials and Devices (Cochin University of Science and Technology), Centre for Biosciences (Kannur University). In addition to these, a cluster of such centers in the field of biosciences (Centre for Plant Biotechnology, Centre for Marine Biotechnology, Centre for Genomics and Gene Technology, Centre for Medical Biosciences) is also established.



## THE INSTITUTE FOR DISABILITY STUDIES

The new Institute of Disability Studies will focus on teaching, research, training, skill development activities and extension in disability studies with emphasis on development of sophisticated assistive devices for the stakeholders. The centre will focus on innovations in rehabilitation technology, develop newer educational technologies and necessary technological expertise for disability studies.

## CENTRE FOR ENGINEERING RESEARCH AND DEVELOPMENT

Centre for Engineering Research and Development (CERD) is established by Government of Kerala to act as a platform for the faculty and students of engineering colleges in the state to pursue their interest in basic and applied research in engineering and technology. Satellite centres of CERD will be established at all government engineering colleges.

The Centre focuses on activities such as mentoring researchers, interacting with various national and international research bodies, organising Kerala State Technological Congress, publishing periodicals, bulletins, journals, etc. on engineering research, conducting orientation programmes in intellectual property rights, facilitating patent application and creating a knowledge base of engineering research activities in the state.

## ACADEMIC STAFF COLLEGE FOR ENGINEERING FACULTY

An Academic Staff College has been established by Institute of Human Resources Development (IHRD) for training engineering faculty in the colleges in Kerala, of the latest advancements in the field of technology. The institution focuses on induction training programmes for engineering college teachers, refresher courses and short term training programmes in niche areas.

# ACADEMIC REFORMS

## RESTRUCTURING UNDERGRADUATE EDUCATION

An important initiative undertaken by the Higher Education Council is the formulation of a scheme for restructuring undergraduate education and coordinating its implementation in the universities in the state. For this purpose, the Council appointed a committee with Prof.M.Vijayan, retired professor of Indian Institute of Science, Bangalore as the Chairman. The report of the committee envisioned changes in the structure, content and pedagogy of undergraduate education by recommending introduction of choice-based course-credit-semester system, grading and cumulative and continuous evaluation.

On the basis of the report prepared by the Committee, a massive programme of restructuring undergraduate education was undertaken by the Universities in the State. The Choice based Course-Credit-Semester-System and Grading have been implemented in the colleges affiliated to Mahatma Gandhi, Sanskrit, Calicut & Kannur Universities from 2009-10. Kerala University implemented the same 2010-11. Apart from developing the conceptual framework, the Council has provided training to the teachers and extended financial assistance to colleges / universities for the implementation of the scheme.

## 'STRUCTURAL REFORMS : CLUSTERS OF COLLEGES

UGC had mooted the concept of cluster of colleges as an arrangement for mutual sharing of resources, human and physical, among neighbouring colleges, with a view to optimum utilization of the available facilities for enhancing enrolment and quality of education. The Higher Education Council appointed a committee under the chairmanship of Dr. Babu Joseph, former Vice-Chancellor, CUSAT to prepare a scheme on the basis of which experimental clusters could be set up in different parts of the State.



On the basis of the report, the Government nominated KSHEC as nodal agency for implementation of the scheme. The Council has so far set up three clusters, at Thiruvananthapuram, Ernakulam and Kozhikode, with the following constituent colleges.

**Thiruvanthapuram Cluster**

Govt. Sanskrit College, Thiruvananthapuram
Govt. College, Kariavattom, Thiruvanantha-puram Govt. Arts College, Thiruvanantha-puram
University College, Thiruvananthapuram
Govt. College for Women, Thiruvananthapuram

**Ernakulam Cluster**

Govt.Sanskrit College,Tripunithura
Govt. College, Tripunithura
Maharaja's College, Ernakulam
The Cochin College, Cochin

**Kozhikode Cluster**

C.K.Govindan Memorial Govt. College, Perambra
Govt. College, Mokeri
SARBTM Govt. College, Koyilandy
Govt. College, Madappally, Vadakara
R.Sankar Memorial SNDP Yogam College, Koyilandy

Grant-in-aid of Rs.One crore has been given to each cluster for implementation of development programmes under the cluster.



# SCHOLARSHIP SCHEMES

## HIGHER EDUCATION SCHOLARSHIP

In accordance with its objective of promoting equity and excellence in higher education and its four year action plan, the Higher Education Council took steps to set up a Higher Education Scholarship Fund with the objective of providing merit-cum-means scholarships and to promote the study of basic disciplines. It was decided to raise 100 crores necessary for implementing the scheme through public-private partnership. The Council constituted an international advisory committee to give proper guidance to it on the administration of the scheme with His Excellency, the Governor of the State as the chief patron and Hon'ble Chief Minister as the Patron. The Government has made an initial contribution of 3 crores to the corpus fund and Rs.1.2 crores for the award of scholarships during 2010-11.

The scholarship scheme was inaugurated by the Hon'ble Prime Minister of India on 3rd January, 2010. Six students were awarded scholarships on the occasion. The Council is awarding scholarships to 1000 first year undergraduate students during 2010-11.

## SUVARNA JUBILEE MERIT SCHOLARSHIP SCHEME

To promote the quality of education and ensure social justice, 4000 scholarships are awarded at degree and postgraduate levels. Scholarships are awarded to the students belonging to B.P.L families who secure a minimum of 50% marks in the qualifying examination and get admission in Government/ Aided colleges and Universities in the disciplines of Arts, Science and Humanities. The scholarship amount per student will be Rs.10, 000 per annum.

## SCHOLARSHIP FOR GIRL STUDENTS

Government of Kerala constituted a committee under the chairmanship of Shri.Paloli Mohammed Kutty, Hon'ble Minister for Local Self Government to study the ways in which the recommendations of the Sachar Committee can be implemented in the State. The Committee after detailed deliberations at various levels brought out a report, which contained recommendations for actions to redress the educational backwardness of Muslim girls among other things. As per the recommendations, the government has introduced 5000 scholarships for Muslim girl students on merit-cum-means basis for studies at undergraduates, post-graduate and professional levels. In addition to this, stipend will be given to 3000 girl students to meet hostel expenses.

## INCULCATE

INCULCATE is a science propagation programme of Government of Kerala organized through the universities in Kerala. The objective is to catch potential scientists at a young age and nurture their inborn talents for scientific learning and research. The programme is for the students of Government and Government Aided schools in Kerala. The Kerala State Science & Technology Museum is the coordinating the venture. The programme is a continuation of the ongoing efforts to inculcate scientific temper among the young students in Kerala. Advanced Science Inculcation Programmes, Aptitude Inculcation through Mentorship (AIM), Science Made Easy, Science Theories,




Science Voyage etc. are programmes that are being conducted as part of Inculcate.

**ASPIRE**

ASPIRE is a scholarship scheme for students who aspire to carry out short term research programmes in science, social sciences, humanities and fine arts. The scholarship would provide opportunities for students to pursue short term studies at postgraduate or research level in institutions of higher learning, in areas of her interest. The programme will enable the student community to interact with eminent scholars in major research institutions within the country and to have the opportunity to have an experience of the advanced research facilities in such centres.

The scholarship will be available for a minimum period of one month and maximum of four months, depending on the nature of the internship/project. A monthly scholarship of Rs.4000/- will be available for internship/project undertaken within the State and Rs.5000/- for internship/project undertaken outside the State.

**ACQUIRE**

ACQUIRE is a programme to foster inquisitiveness in social sciences in the minds of the higher secondary, undergraduate and postgraduate students. The main objective of ACQUIRE is to motivate students in learning social sciences.

School students will be given a scholarship of Rs.500 per month up to 10th standard and Rs 750 per month for higher secondary level in a year and Rs. 2500 as book allowance till he/she completes 12th standards to pursue studies in the particular area (discipline) in which he/she proves her talent. The aptitude of the students in the various aspects of the social issues will be identified by the mentors who will be teachers in the Universities, research institutions and colleges. The mentors will further guide the students.

For undergraduate students scholarship would be Rs. 1000/month for 10 months and Rs. 5000 as book allowance. The selection will be based on merit from the various disciplines in social sciences. The students will be attached to eminent experts in the respective fields in the major research institutions within India. Post graduate students will be given upto Rs. 50,000/ for undertaking projects under the guidance of experts.

**NURTURE**

The programme is to identify promising artists at a young age and to provide them support for pursuing their talents through training/higher study with the best institutions under mentors in their respective fields.

Each selected student will be given a scholarship of Rs. 750 per month, and a one-time contingency grant of Rs. 2500 to meet the expenses for study aids, artistic instruments/material and other requisites. Such institutions and mentors in each field will be identified and listed by the expert committees constituted for the purpose.

### ENCOURAGING TALENTS IN LITERATURE

The programme is for encouraging and nurturing talents in literature. The students will be given opportunity to interact with the luminaries in the field of literature in India. Eminent teachers and writers would act as mentors for these students according to their aptitude. The students will have the opportunity to participate in book fairs and conclaves of eminent writers. The students will be given scholarship of Rs. 750 per month and Rs 2500 per year as contingency to meet the expenses to visit the eminent personalities within the country and also to attend book fairs and conclaves.

## CAPACITY BUILDING

### ERUDITE :SCHOLAR-IN-RESIDENCE SCHEME

The Government has entrusted the Council with the coordination of the scheme of Scholar in Residence which is being implemented by the universities of the State. Under the scheme, Nobel Laureates / Scholars of similar stature would be invited to the universities for periods ranging from one week to one month for interacting with teachers and students. The Government has sanctioned Rs.7 crores for implementation of the programme. The scheme has been implemented in various Universities. A total of 36 Scholars including 7 Nobel Laureates have already made their visits to the remarkable benefits of research students and teachers of University Departments and affiliated colleges.

### ACADEMIC INTERACTION FOR MOTIVATION (AIM)

The above Scholar-in Residence Programme is intended to provide opportunity to the student community of the Government Engineering institutions to interact with eminent scholars within India and abroad. This enables the teachers and students of the institutions to share the experience and expertise of the eminent faculty from premier engineering institutions like IITs', IISc etc, research organizations like ISRO, DRDO etc, and also experts from prominent and leading industries.

### STIMULATING TEACHERS THROUGH ADVANCED TRAINING (STAT)

The scheme is intended to provide short term training programmes, workshops, refresher courses etc. to the faculty through Research Institutions within India, University Departments, Academic Staff Colleges, Inter University Centers etc. The short term programmes in emerging areas will foster a culture among the faculty to imbibe the latest advancements in the field of sciences, social sciences and humanities. The academic community will also have the opportunity to get acquainted with new pedagogical practices and to use the libraries of research institutions and could also get acquainted with the modern laboratory facilities available in such institutions. As part of the Scheme, programmes have been conducted in IIT Madras, Madras Institute of Development Studies, National Institute for Interdisciplinary Science and Technology, Centre for Development Studies and Inter University Centre for Environment and Sustainable Development.

### REFRESH

The aim of REFRESH is to open up new vistas of knowledge to the teaching community of engineering institutions in the state. The short term courses are conducted in various institutions including major research institutions. Programmes have been



organized for providing exposure to niche areas in respective disciplines, familiarization of new equipments, communication skill, administration and institutional management etc. Eminent academicians from the major R&D institutions have taken part in the programmes.

### FINISHING SCHOOLS IN POLYTECHNICS

Finishing schools have been established in seventeen polytechnics in the state to improve the soft skills of the diploma students and make them more acceptable to the industry. The institutions are provided with the state of the art facilities like interactive boards, LCD projectors, computer, internet etc. and high quality furnished seminar rooms. The finishing schools will conduct add on short term course for existing students and passed out students on a regular basis.



## ICT INITIATIVES

As a part of the Information and Communication Technology initiatives, all the classrooms in the government engineering colleges are converted into smart classrooms by providing LCD projectors, lap top computers and internet connectivity. The faculty and students can now easily access Learning Management System (LMS) and to make maximum utility of the content generated by the academics in Kerala. This will also enable the institutions to introduce high quality video and web courseware available in National Programme on Technology Enhanced Learning (NPTEL) in their class rooms.

## SUPPORT SERVICES

### SETTING UP A DATA BANK ON HIGHER EDUCATION

There is at present no reliable codified data on the facilities for higher education available in the State. The proliferation of courses/ colleges over the last few years has not been properly tracked and recorded. This has made planning for development almost impossible. In the absence of reliable information about the character and quality of programmes being conducted in the organized and unorganized sectors, it is difficult to guide students and parents on making proper choices on courses and colleges. Unscrupulous educational entrepreneurs use this state of confusion to cheat gullible students and parents. A mapping of the facilities available in the State is therefore an urgent necessity.

Realizing the importance of a centralized repository of information on higher education, the Council pioneered a project in 2007-08 to set up a comprehensive database of higher education institutions in the State. In 2007-08, data regarding various higher education institutions in the State was collected from authentic published sources and its digitized version was put online for public viewing.

In the second phase, during 2008-09, more elaborate data and educational statistics were collected by direct enquiry method from 884 higher educational institutions in the State, including Affiliated Colleges, University Departments, Institutions recognized by various universities to conduct undergraduate/post-graduate courses etc with the help of volunteers of the National Service Scheme. The collected data was

digitized and made available in the Council's official website in a searchable format, for public viewing. With the help of software specially developed for the purpose and attached to the database, the data can be utilized for eliciting different types of information about higher education institutions in the State. The search software named 'EDUSEARCH' contains at present, details about 884 higher education institutions affiliated to/recognized by the universities in Kerala.

The following search options are provided with the help of the search software.

- Institution Search
- Courses Search
- Teacher Search
- Amenities Search
- On-line feedback

Meanwhile the Ministry of Human Resource Development (MHRD) had constituted a review committee to make recommendations for the preparation of a national database on education. The committee submitted a report on 12th December 2008 recommending setting up of a *National Focal Point - Central Bureau of Educational Statistics* under the wings of Ministry of Human Resources Development. This agency will be responsible for setting up/maintenance of a computerized national level database of educational statistics. The committee has proposed a format for collecting data from educational institutions, for keeping uniformity of information across the country and recommended the standards formulated by the UNESCO for classification of data (ISCED 1997, International Standard Classification of Education). The State Governments have been requested to collect the data in the format provided by MHRD.

The Council now proposes to collect data from around 1000 higher education institutions in the State, in the format developed by the MHRD. The data is proposed to be collected online as far as possible and by post in other cases. The data will provide information on various parameters like the following:

- The strength of Teaching/Non Teaching Staff
- Social/educational background of teachers and their workload
- Courses offered by various institutions from UG to PhD levels
- Enrolment in Higher Education - Gender wise and Caste wise
- Enrolment of NRI Students - Country-wise
- Details of results
- Other general details about the institution etc.

## POLICY FORMULATION

### EVOLVING A STATE POLICY ON HIGHER EDUCATION

Higher education is at the crossroads all over the world. With the advent of knowledge economy, higher education has come to play a decisive role in the production and distribution of goods and services and in determining the relations of power, social and political. Consequently, there is great demand for higher education that has immediate practical relevance. The popular demand for the universalization and vocationalization of higher education is the direct outcome of this new development. While Governments and educational institutions will have to address the aspirations of the people for inclusive education, it is equally important to strengthen the role of higher education in the production and dissemination of highly





specialized knowledge in a wide variety of fields which may not have any immediate practical use, but which may have a long term economic, social and civilizational value. The need for improving the quality of education even while accommodating more and more numbers is another challenge that has emerged in the new socio-economic environment. While the broad policy framework for the development of higher education has been laid down by the National Policy on Education and the decisions taken by the Central Government and apex level regulatory agencies are binding on the State Governments and Universities, the State could still have its own policy perspective, which would address the special needs and local concerns within the broad national frame work .This should be formulated in such a way as would combine adequate levels of regulatory control and institutional freedom that would ensure autonomy and accountability in the functioning of higher education institutions.

The Council appointed a committee under the Chairmanship of Prof.U.R. Ananthamurthy to prepare a draft State Policy on Higher Education. The Committee submitted its report on 8th May, 2008. Apart from circulating the original English version in large numbers, the Council translated the report into Malayalam and 8000 copies sent to higher education institutions, libraries under the State Library Council, Local Self Governments, members of Parliament from the State, members of the State Legislature, heads of major political parties, organizations of teachers, students and non teaching staff in universities and colleges, various service organizations, trade unions, social and cultural organizations and public spirited individuals. The Council issued press releases and write-ups in news papers and popular journals.

In order to identify and assess immediate and long-term policy objectives of the State in higher education, the Council has also commissioned studies on the following projects:

1. Educational opportunities of the SC/ST/OBC/Minorities/Women/Physically Challenged
2. Implementation of Information and Communications Technology in higher Education
3. Autonomy and accountability in higher education.
4. Commercialization of higher education: issues and solutions.
5. Internationalization of higher education
6. Decentralization of academic governance
7. Changing student enrolment patterns in higher and technical education.
8. Public and private financing of higher education.
9. Social accountability of higher educational institutions.
10. Gender disparities in academic opportunities.
11. Social implications of student loan schemes.

On the basis of the feedback from the public and projects, the Council would finalize the draft State Policy on Higher Education and submit it for the consideration of the Government.

The Council has set up committees on Examination Reforms, Review of University Acts, Restructuring Post Graduate Education, Restructuring B.Ed Education. The Committees on Examination Reforms and Review of University Acts have already submitted draft reports, which are being discussed by the academic community.

# CURRENT BOOKS THRISSUR

ROUND WEST ,THRISSUR 680 001
PH: 0487-2335660,FAX:0487-2335642

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature,

Fiction, Drama, Cinema, Journalism, Poetry,

Philosophy, Psychology, Sociology, Politics,

History, Economics, Commerce, Mathematics,

Botany, Zoology, Chemistry, Physics, Medical,

Computer, Engineering, Law, Electronics,

Mechanical, Civil, Chemical Engineering,

Veterinary, Agriculture, Aquaculture, etc.

# COSMO BOOKS

HO: Round West
Thrissur- 680 001
Phone: 0487-2335292, 2335570
Fax: 0487- 2335642
E-mail: cosmobooks@asianetindia.com

Br. Al-Ameen Bldg
Rly.Station Link Road
Kozhikode- 673002
Ph:0495-2703487
Fax:0495-2700049
E-mail:cosmoclt@eth.net

Br. Press Club Road
Emakulam
Kochi-682011
Ph:0484-2353818

**നിശാന്ത്. എ**

*പയ്യന്നൂർ കോളജ്, പയ്യന്നൂർ*






# ഇടതുപക്ഷ ബദലും കേരളവികസനവും

പൂട്ടുക എന്നതാണ് കേന്ദ്രനയം; തുറക്കുക എന്നതാണ് സംസ്ഥാനനയം. സേവനമേഖലയിൽ നിന്ന് സർക്കാർ പിന്മാറുന്നുവെന്നതാണ് കേന്ദ്ര തീരുമാനം; ക്ഷേമപദ്ധതിയും പെൻഷനും ശമ്പള പരിഷ്കരണവും ഭവനപദ്ധതിയും സൗജന്യആരോഗ്യ പരിപാലനവും ഒക്കെയാണ് ഇടതുബദൽ. ന്യൂനപക്ഷങ്ങളെ ജീവിക്കാനുവദിക്കാത്തതാണ് ഇടതുവിരുദ്ധരുടെ രീതി; ന്യൂനപക്ഷ സംരക്ഷണമാണ് ഇടതു ബദൽ. പിരിച്ചു വിടുക എന്നതാണ് മതത്തിന്റെയും മുതലാളിത്തത്തിന്റെയും പുതിയ രീതിശാസ്ത്രം; കൂടുതൽ തൊഴിൽ നൽകുക എന്നതും പിരിച്ചുവിടപ്പെട്ടവരെ തിരിച്ചെടുക്കുക എന്നതും തന്നെയാകണം ഇടതുനയം.

## ബദൽ സമീപനം

*കേരളത്തിലെ ഉന്നത വിദ്യാഭ്യാസ പരിഷ്കാര ങ്ങൾ* എന്ന വിഷയത്തിൽ വൈകിട്ട് ചേർന്ന സെഷൻ കാലടി സംസ്കൃത സർവ്വകലാശാല വൈസ് ചാൻസ ലർ ഡോ.ജെ.പ്രസാദ് ഉദ്ഘാടനം ചെയ്തു. കണ്ണൂർ സർവ്വകലാശാല പ്രോ.വൈസ് ചാൻസലർ ഡോ.എ.പി.കുട്ടികൃഷ്ണൻ, മഹാത്മാഗാന്ധി സർവ്വക ലാശാല പ്രൊ.വൈസ് ചാൻ സലർ ഡോ. രാജൻ വറുഗീ സ്, പ്രൊഫ.കെ.ശശിധ രൻ,പ്രൊഫ.പി.രഘുനാഥ് എന്നിവർ സംസാരിച്ചു. ഡോ.കെ.ശ്രീവത്സൻ അദ്ധ്യ ക്ഷത വഹിച്ചു. പ്രൊഫ.കെ. എസ്.വർഗ്ഗീസ് സ്വാഗതവും ഡോ.ലേഖാനരേന്ദ്രൻ നന്ദി യും പറഞ്ഞു.



പ്രൊഫ. എം. സഫറുദ്ദീൻ

ആറാം യു. ജി. സി. ശ മ്പള പരിഷ്ക്കരണ ഉത്തര വും റെഗുലേഷനും സംബ ന്ധിച്ച് എ. കെ. പി.സി.ടി. സെക്രട്ടറി ഡോ. കെ. പി. സുകുമാരൻ നായരുടെ അ ദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ എ. കെ. പി.സി.ടി.എ സംസ്ഥാന സെക്രട്ടറി സ്വാഗതവും എ.കെ.പി.സി.ടി.എ എറണാകുളം ജില്ലാ സെക്രട്ടറി ഡോ. തോമസ് മാത്യു കൃതഞ്ജതയും രേഖപ്പെടുത്തി.

എ.കെ.പി.സി.ടി.എ ജനറൽ സെക്രട്ടറി ഡോ. വി. രാജേന്ദ്രൻനായർ സംഘടനയുടെ പ്രവർത്തനരേഖ അ വതരിപ്പിച്ചു. അക്കാദമിക് കമ്മിറ്റി കൺവീനർ ഡോ.എ.എസ്.വർഗ്ഗീസ്, അക്കാദമിക് പ്രവർത്തനരേഖ യും, വനിതാ സബ്കമ്മിറ്റി കൺവീനർ ഡോ.ലേഖാ നരേന്ദ്രൻ വനിതാ പ്രവർത്തനരേഖയും സർവ്വീസ് സം ബന്ധിച്ച കാര്യങ്ങൾ സർവ്വീസ് സെൽ കൺവീനർ പ്രൊഫ. കെ.എസ്.ജയചന്ദ്രനും, ജേർണലിനെ സംബ ന്ധിച്ച വിഷയങ്ങൾ ജേർണൽ ചീഫ് എഡിറ്റർ ഡോ.എസ്.ജയരാജ് കുമാറും അവതരിപ്പിച്ചു. ഈ രേ ഖകൾ സംബന്ധിച്ച് യൂണിവേഴ്സിറ്റി തലത്തിൽ ഗ്രൂ



ഡോ. വി. രാജേന്ദ്രൻനായർ

പ്പ് ചർച്ചകൾ നടന്നു. ഗ്രൂ പ്പ് ചർച്ചകളുടെ സംക്ഷിപ്ത രൂപം റിപ്പോർട്ടു ചെയ്തു. അവയ്ക്ക് ജനറൽ സെക്രട്ട റി ഡോ. വി. രാജേന്ദ്രൻ നായർ മറുപടി നൽകി.

വിഷയങ്ങളുടെ വൈവി ധ്യവും ചർച്ചകളുടെ സജീ വതയും പങ്കാളിത്തവും ഈ ക്യാമ്പിനെ ശ്രദ്ധേയമാക്കി. സെപ്റ്റംബർ 26ന് ഉച്ചകഴി ഞ്ഞ് ക്യാമ്പ് അവസാനിച്ചു.

തയ്യാറാക്കിയത്
*പ്രൊഫ. ബി. ഭുവനേന്ദ്രൻ*
*എസ്. എൻ. കോളജ്, കൊല്ലം*

# AKPCTA Academic Committee 2010-11

## Plan of Action - Draft for Discussion

### Introduction

AKPCTA has played an active role in restructuring Higher Education in Kerala. The successful implementation of Choice Based Course-Credit-Semester (CBCS) System in Undergraduate Education was well appreciated from all sectors of the academic community. The academic committee expresses its gratitude to all members for their valuable contribution towards this achievement. The responsibility in shaping CBCS system to the level best is vested on the members of AKPCTA. We must focus on all those components -assignments, seminars, projects, ICT learning, quiz, extension activities etc.- and equip ourselves through orientation programmes/ workshops, discussions through ICT etc. for attaining our goals efficiently.

The system of postgraduate education should be changed in tune with the reforms in U G. We have to focus on reforms this year. For quality research at all level, regulations for PhD admissions in Universities/ Colleges should be discussed.

Various academic programmes of U G and P G in Universities within Kerala should be classified as eligible for admission to higher study in other universities, as far as possible, to avoid confusion and pandemonium in obtaining eligibility certificate at the time of admissions.

We must congratulate the present Government of Kerala for creating 1599 new posts in the courses sanctioned during 1998- 2001.

The academic committee requests all stakeholders in higher education for a perpetual strive through innovative contributions to academic fineness.

### Restructuring Postgraduate Education

The present system of Postgraduate education should be restructured in tune with the reforms implemented in undergraduate education. Each semester shall have a minimum of 90 working days. The courses in the programme shall be designed in credits and one credit shall be given for a minimum of one-hour lecture/ project/ tutorial or 2 hours of practical work per week in a semester. No Student can register more than 24 credits and less than 16 credits per semester. Every student shall be evaluated by 25% internal assessment and 75% external assessment.

All programmes should be organized through courses. There shall be different programmes within the same faculty. It is not essential to conduct same programme in all colleges in a university. Certain basic core courses should be common to a particular programme and the colleges have the freedom in selecting elective courses of the programme. The courses shall be arranged in credits. The minimum number of credits for successful completion of the postgraduate programme shall be 80.

The postgraduate programmes shall be restructured in terms of courses on program core (PC), program elective (PE), open elective (OE) and Program Project (PP). Effective tutorial class is another component. The program core and program elective has to be offered by the same department which offers the programme. The open elective courses could be selected from the courses offered by other departments in the same faculty and can be selected by the students at their choice. Thus a Post Graduate student has a choice of selecting at least one interdisciplinary course. The restructured postgraduate programme should be choice based course credit semester system (CBCS). The system of Grading should be used for evaluation.

## Program Courses PC, PE, OE and PP

The Program core (**PC**) is the compulsory courses of the given program. PC courses are common to a program and will provide subjects that are a basic/foundation to higher studies. There shall be different groups for Program Elective (**PE**) courses and the group which is selected by the student shall be the subject of specialization of the programme. The students can select-at their choice- the given number of Program elective courses from a given group. The students have the freedom to select the given number of Open elective (**OE**) courses, at their choice, offered by other departments of the same faculty subject to the availability of courses and infrastructure in the institution. Further, if an institution conducts only one Post Graduate program in a faculty, then such institutions can have the freedom to opt an additional PE course instead of OE Course. The Project (**PC**) work shall be based on subjects in PC and/or PE

## Seminar Lectures:

A Post Graduate student shall deliver one seminar lecture from the program core/ program elective subject per semester. The seminar topics shall be allotted by the Department. The seminar lecture is expected to train the student in self-study, collection of relevant matter from the books and Internet resources, editing, document writing, typing and presentation. The list of the seminar lectures to be delivered in the departments shall be displayed in the Notice Board of the Department. The seminar lectures are open to all students and faculty of the Department. The text of the seminar lecture must be typed and should be atleast 4 to 5 pages of A4 size. The Seminar will be assessed by two faculty members appointed by the Head of the Department. Evaluation of the seminar shall be based on write up of the topic of the seminar and its presentation and should be kept in the Department Library and also be made available in the Department / College/ University website.

## Project work

All the students shall do a project work during the IV$^{th}$ semester as a part of the regular course work with stated credits. There shall be a dissertation at the end of the project work. Each student will be allocated a project supervisor who will guide the project research. The dissertation must be typed and be limited to 50 to 75 pages of A4 size with double spacing. There should be an internal assessment and external assessment for the project work. One of the internal components of the project work is methodology of research. The external evaluation of the Project work shall be conducted by an external and an internal examiner, who is not the student's supervisor. The external evaluation is followed by presentation of work and Viva-Voce. The topic of research project and the project supervisor will be assigned to students shortly after the start of the course. It should be confirmed that the project work done by the student is original and should be checked by suitable software to restrict any kind of plagiarism. Project work with four credits consists of five class hours per week which may be clustered in to a single slot of 18x5 = 90 hours (ie, 90/25 = 3.6 weeks of duration) so that students can join their center for a continuous period of time.

## Tutorial classes

As a part of regular course work in P G, tutorial classes shall be arranged. Tutorial class provides an opportunity to interact with students at their individual level. It gives the

time to identify the strength and weakness of individual students. Depending on the identification, teacher can develop his own way to motivate the students individually. It also gives an opportunity to identify the weak and good students and tackle the weaker students to uplift their confidence level by motivation. Strength of the tutorial class should be small for individual attention and effectiveness. The students in a given class shall be clustered in to smaller groups and one teacher shall be in charge of each group of students. Tutorial class will help students to learn by themselves and to build up their confidence and independence effectively.

### Internal assessment

There should be proper methods for internal assessment. The components for the evaluation of internal assessment should be published at the commencement of the programme. The University must constitute a Monitoring cell for ensuring the proper conduct of internal assessments in institutions. The concerned course teacher should keep all the records of internal assessment, atleast for a period of two years, for verification.

### Structure of the Programme

**Arts & Commerce Science with Practical**

Number of Programme Core courses: 14
Nnumber of Programme Core courses: 11
Number of Programme Elective courses: 6
Number of Programme Elective courses: 5
Number of Open Elective course: 1
Number of Open Elective course: 1
Number of Practical courses: 4
Number of Project work course: 1
Number of Project work course: 1
Tutorial Class Tutorial Class

### Structure of questions

Each question paper shall have four parts with bunches of objective type questions, short answer type questions, short essay type questions/problems and long essay type questions. The weightage to each part of questions shall be fixed by the Board of studies. All parts except objective type questions shall have options with internal choice from the same module of the syllabus. Due weightage should be given to every module according to its credits/ time for study.

### Open Book Examinations

In the learner centered system of education, students should be motivated for self-study. To encourage students for self-study, open book examinations shall be conducted in the programmes as a part of assignment. The questions, based on subjects that are not studied previously by the students, shall be prepared by teachers and given to students for writing examination which shall be conducted in the library. Students shall be allowed to take any book from the library for reference to write the examination. The grade awarded to this examination can be added to the component of assignment. The authorities should make available of appropriate staff number of in the library.

### Question papers

The question papers shall be prepared according to a policy statement or blue print formulated by the University. The Policy statement shall contain weightage among objectives, weightage among different modules of syllabus, weightage with regard to different forms of questions, scheme of options and different level of questions for assessment. It should be confirmed that the paper setters follow all policies in the blue print while setting the question paper. The university must also collect a report from the question paper setters that they have followed all policies in the blueprint given to them. University must collect feedback about the questions and examinations and it shall be scrutinized thoroughly for the betterment of the system.

### Question Bank by paper setting panels

For conducting examinations with quality questions within the prescribed syllabus of study, a question bank should be set according to the policy statement or blue print by a panel of paper setters after extensive discussion. After setting the questions, the question papers should be edited by assembling the questions into sections on the basis of their form such as fixed-response

type questions and free-response type questions etc. The questions are to be organized in a graded order of difficulty from easy to difficult. Such a grading will surely boost examinees confidence in their ability to attempt the questions. The instructions to examinees need to be clear, specific and pointed with specific time limit to the section containing fixed-response type of questions to reduce the opportunities for malpractice.

**Board of Moderators:**

The Board of moderators constituted for each programme shall analyse the question papers of the examination and shall set moderation to scores. The question-wise analysis will enable to know the strength and weakness of the questions more thoroughly. It will also help to compare the question paper with the design and the blueprint given to the setter. Based on the analysis, the Board of Moderators will set the moderation by the way of proportional increase of weightages to the concerned questions or enhancement of grade point average. The Board of Moderators will give a report - after the analysis - to the University about the quality of questions for future reference and feedback.

**Evaluation**

The grading system existing in undergraduate education shall be used for the evaluation.

**Ph.D Regulations for admissions**

The regulations for PhD admissions in research centers of Universities/ Colleges shall be framed as per the directions in UGC regulation. Teaching, Research and Extension are the three core functions of a College teacher. Research and publications are mandatory academic work besides teaching as per the UGC Regulation 2010. Research in Colleges should be strengthened and the University must provide academic freedom to Colleges for their research activities.

In the new PhD Regulations of Universities (2010) particularly in Mahatma Gandhi University, several clauses seem to disappoint research culture of college teachers and students besides the functioning of Research centers in colleges. These clauses seem to reverse the very purpose of research leading to PhD.

The facility of part-time research for college teachers are barred in the new regulation of Mahatma Gandhi University. As per the new regulation, compulsory full time work for one year duration is insisted for the part-time scholars. This effectively results in a denial for academic growth of college teachers.

All research centers should maintain quality in research work for the academic growth of the society. We should formulate regulations for producing quality outcomes in research with originality and also by giving freedom to do research work. A decentralized system with accountability will certainly produce new innovations and findings.

**Creation of new 1599 posts in 1998-2001 courses**

The delinking of Pre-degree from colleges in 1997 affected the workload of teachers in colleges and a large number of teachers were considered surplus. To accommodate such excess teachers, 440 courses were sanctioned by the then LDF Government. This was sanctioned to provide work for excess teachers with specific condition that there will be no financial commitment to Government. The excess teachers were protected by these 440 courses and by other means. In due course, most of the excess teachers were redeployed in the retirement vacancies.

Since then, most of the courses were handled by guest faculty and quality of education could not be achieved at the desired level. AKPCTA made suggestions to the Governments to regularize all those courses sanctioned in 1998-2001 – though they were sanctioned without financial commitment to Government- to improve the quality of education. Now, the present LDF Government created 1599 new posts for the existing courses sanctioned in 1998-2001. We must congratulate the present Government of Kerala for taking such a decision on the demand of AKPCTA.

The new posts were created by counting the number of excess teachers as per the workload in 2007. In addition to the new posts sanctioned in Aided Private Colleges, Such posts are also created in Government Colleges. The retirement vacancies after 2007 have to be filled in addition to the new posts for 1998-2001

courses. Some Colleges have yet to fill the retirement vacancies prior to 2007 because of

the ban in appointment. Thus the vacancies to the teaching posts in colleges are more than twice the number of posts sanctioned for 1998-2001 courses. The shortage for obtaining sufficient NET qualified candidates will create difficulty in filling the vacancies which amounts more than 3000. Moreover, half of the present teachers working in colleges will retire within 2 to 3 years. In these circumstances, shortage of teachers will become a severe problem in higher education and will affect severely on the quality of education. We have to realize and find a solution to this grave situation to maintain quality in higher education.

**Bifurcation of vacation period**

The Vacation period must be bifurcated after the academic year 2011-12. The months May and November shall be the vacation period. First semester classes should begin in the month of June and second semester in December of every year. P G Semester vacation shall be arranged in tune with U G semester after 2012-13 admissions.

**Workload**

Implement the workload as given in UGC regulation 2010. The workload of teachers is specified by UGC regulation 2010 with 6 days per week with 30 weeks of duration in an academic year. On this basis, the workload of every Assistant Professor is 16 hours per week and that of Associate Professor is 14 hours per week.

The academic year in Kerala state consists of 5 days per week with 36 weeks duration. As per UGC Regulation 2010, the work load is 16 hours for 6 days week. This is equivalent to a workload of 14 hours (13.33 hours) for Assistant Professors and 12 hours (11.66 hours) for Associate Professors for 5 days week. This should be rectified -at least for the calculation of workload specifically while identifying excess posts in institutions.

**Zero Credit Courses at Undergraduate level**

In order to create academic excellence, zero credit courses may be arranged in all semesters in undergraduate programmes. The zero credit courses shall be conducted at extra hours without disturbing regular academic activities. The credit of such courses may be 3 or 4, but the credits acquired by the students through zero credit courses will not be added to the total credit of the progeamme. There shall be a minimum of one such course in each semester and maximum number of Zero credit courses in a programme shall be limited to 9 courses. The syllabi for such courses shall be prepared by the board of studies of the programmes and shall be published through the website of the university. The colleges can offer courses from these approved courses and conduct it effectively at extra time as a social commitment. The examinations of such courses shall be internal. The grade/credit awarded shall be entered in the score sheet as zero credit courses.

**Eligibility Certificate for courses in other universities**

The students from various Universities face the difficulty of obtaining eligibility certificate while they are on the process of admissions to higher studies. Usually, students are seeking admissions in conventional courses like English, Malayalam, Physics, Mathematics, Chemistry, Zoology, Botany, Commerce etc. Such courses are common in all Universities in Kerala and thus needs no further clarifications. In this view, various academic programmes of U G and P G in Universities within Kerala should be classified as eligible to such programmes, as far as possible, to avoid uncertainty in obtaining eligibility certificate at the time of admissions.

**Forum for Focusing Future**

Environmental pollution is the crucial menace to the human life and to the future of the world. To spread awareness about the need of a sustainable future, a forum - *'Forum for Focusing Future'* -shall be constituted in college/ programme/ class wise. The forum shall discuss various measures to be adopted to minimize pollution. The forum can conduct various awareness programmes about pollution. The findings and conclusions can be published through web pages/ blogs and by other social activities.

**Teacher - Student ratio**

Implement teacher - student ratio to 1:30 in all U G programmes as per the proposal of Higher Education Council.

**COLLEGE SERVICE COMMISSION**

A College Service Commission should be constituted for the appointment of teachers in colleges.

**Example: Programmes with practical -**
Total Credits 80

| Semester | Course | Teaching hours | Credit | Total Credits 80 |
|---|---|---|---|---|
| I | PC1 | 3 | 3 | 20 |
| | PC2 | 3 | 3 | |
| | PC3 | 3 | 3 | |
| | PC4 | 4 | 3 | |
| | OE | 3 | 4 | |
| | Practical | 8 | 4 | |
| | Tutorial | 1 | - | |
| II | PC5 | 3 | 3 | 20 |
| | PC6 | 3 | 3 | |
| | PC7 | 3 | 3 | |
| | PC8 | 3 | 3 | |
| | PE1 | 4 | 4 | |
| | Practical | 8 | 4 | |
| | Tutorial | 1 | - | |
| III | PC9 | 4 | 4 | 20 |
| | PC10 | 4 | 4 | |
| | PC11 | 4 | 4 | |
| | PE2 | 4 | 4 | |
| | Practical | 8 | 4 | |
| | Tutorial | 1 | - | |
| IV | PE3 | 4 | 4 | 20 |
| | PE4 | 4 | 4 | |
| | PE5 | 4 | 4 | |
| | Practical | 8 | 4 | |
| | Project | 5 | 4 | |

**Example: Programmes** (without practical) -Total Credits 80

| Semester | Course hours | Teaching | Credit | Total Credits 80 |
|---|---|---|---|---|
| I | PC1 | 4 | 3 | 20 |
| | PC2 | 4 | 3 | |
| | PC3 | 4 | 3 | |
| | PC4 | 4 | 3 | |
| | PC5 | 4 | 4 | |
| | OE | 4 | 4 | |
| | Tutorial | 1 | - | |
| II | PC6 | 4 | 3 | 20 |
| | PC7 | 4 | 3 | |
| | PC8 | 4 | 3 | |
| | PC9 | 4 | 3 | |
| | PC10 | 4 | 4 | |
| | PE1 | 4 | 4 | |
| | Tutorial | 1 | - | |
| III | PC11 | 5 | 4 | 20 |
| | PC12 | 5 | 4 | |
| | PC13 | 5 | 4 | |
| | PC14 | 5 | 4 | |
| | PE2 | 4 | 4 | |
| | Tutorial | 1 | - | |
| IV | PE3 | 5 | 4 | 20 |
| | PE4 | 5 | 4 | |
| | PE5 | 5 | 4 | |
| | PE6 | 5 | 4 | |
| | Project | 5 | 4 | |

Ensure proper arrangements for the selection of Open courses, time table for open courses and distribution of students to such courses.
Training/ orientation programmes/ workshops for teachers by Board of studies.
Establish complete online facility between Colleges and Universities.
Complete Computerisation of examination wing of Universities.
Arrange workshops on ICT for teachers organized by Universities.
Arrange workshops on projects of under graduate courses by Universities.
Arrange workshops for setting model question papers.
Establish Open University.
Formation of Monitoring Committee for internal & external examination.
Encourage students to browse academic websites through internet.
**Meetings at:** Branch Academic Committee. District Academic Committee
Branch level, District level and State level for discussion of Education Bills 2010
Feedback on reforms in CBCS System in Undergraduate education from teachers, students and also from universities.
Prepare a teachers data bank at college / department level.
Prepare a detailed study report on the utility of various public funds (UGC funds etc.) received by colleges during the last five years.
In addition, priority should be given to complete the outstanding programmes stated in the Action Plan for 2009-10.

**For AKPCTA Academic Committee,**
*President:*
Prof. M Safarudeen
*General Secretary:*
Dr. V Rajendran Nair
*Chairman:*
Prof. D Salimkumar
*Convenor:*
Prof. A S Varghese

# സംസ്ഥാന വ്യാപകമായി സായാഹ്ന ധർണ്ണ

**2010 സെപ്റ്റംബർ 15**

പ്രൊഫ.ടി.ജെ ജോസഫിനെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ട നടപടി പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന വ്യാപകമായി എഫ്.എസ്.ഇ.ടി.ഒ, എ.കെ.പി.സി.ടി.എ, എ.കെ.ജി.സി.ടി എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ ധർണ നടത്തി.



തിരുവനന്തപുരത്ത് നടന്ന ധർണ്ണ എൽ.ഡി. എഫ് കൺവീനർ സഖാവ്. വൈക്കം വിശ്വൻ ഉദ്ഘാടനം ചെയ്യുന്നു.



എറണാകുളം ഹൈകോർട്ട് ജംഗ്ഷനിൽ നടന്ന സായഹ്ന ധർണ എ.കെ.പി.സി.ടി.എ സംസ്ഥാന വൈസ് പ്രസിഡൻറ് പ്രൊഫ.ഡി.സലിംകുമാർ ഉദ്ഘാടനം ചെയ്തു. എഫ്.എസ്.ഇ.ടി.ഒ ജില്ലാ സെക്രട്ടറി പി.ബി.ജഗദീഷ്, എ.കെ.ജി.സി.ടി. സംസ്ഥാന സെക്രട്ടറി ഡോ.കെ.ജി. രാമദാസ്, എൻ.ജി.ഒ യൂണിയൻ സംസ്ഥാന കമ്മിററി എക്സിക്യൂട്ടീവ് അംഗം എ.ലത എന്നിവർ പ്രസംഗിച്ചു. കെ.എസ്.ടി.എ സംസ്ഥാന കമ്മിററി അംഗം വി.എം.ഗീവർഗീസ് അധ്യക്ഷം വഹിച്ചു. എ.കെ.പി.സി.ടി.എ ജില്ലാ സെക്രട്ടറി ഡോ.പി.തോമസ് മാത്യു എ.കെ.ജി.സി.ടി. ജില്ലാ സെക്രട്ടറി പ്രൊഫ. പ്രകാശ് എന്നിവർ നേതൃത്വം നൽകി.



കോട്ടയത്ത് നടന്ന ധർണ്ണ സ. വി. ആർ. ഭാസ്കരൻ ഉദ്ഘാടനം ചെയ്യുന്നു.

# തൊടുപുഴ ന്യൂമാൻ കോളജിലേക്ക് ബഹുജന മാർച്ച്

**2010 സെപ്റ്റംബർ 23**




പ്രൊഫ.ടി.ജെ ജോസഫിനെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ട നടപടി പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എഫ്.എസ്.ഇ.ടി.ഒ, എ.കെ.പി.സി.ടി.എ, എ.കെ.ജി.സി.ടി എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ ന്യൂമാൻ കോളജിലേയ്ക്ക് മാർച്ച് നടത്തി.




വയനാട് നടന്ന സായാഹ്ന ധർണ്ണ എ.കെ.ജി.സി.ടി. സംസ്ഥാന സെക്രട്ടറിയും കണ്ണൂർ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റംഗവുമായ പ്രൊഫ. ടി.എൻ. രവി ഉദ്ഘാടനം ചെയ്യുന്നു.

**എം.എസ്.വസന്തകുമാർ**
*എസ്.എൻ.കോളജ്, കൊല്ലം*



# അയോദ്ധ്യാവിധി
# ഇന്ത്യൻ ജനതയ്ക്ക് അഭിവാദ്യം

ഉൽകണ്ഠാകുലരായി അയോദ്ധ്യാവിധി പ്രഖ്യാപനത്തിന്റെ പ്രത്യാഘാതങ്ങളെ ഭയന്നിരുന്നവരെ അതിശയപ്പെടുത്തിക്കൊണ്ട് ശാന്തിദൂതനായ മഹാത്മജിയുടെ ഇന്ത്യൻ ജനത അവസരത്തിനൊത്ത് ഉയർന്നു. ഒരു ആക്രോശം ഉണ്ടായില്ല. ഒരു തർക്കമുണ്ടായില്ല എന്ന് മാത്രമല്ല, ദേശീയ പ്രാധാന്യമുള്ള ഇന്ത്യൻ കേന്ദ്രങ്ങളിൽ നാനാമതസ്ഥർ, കൈകോർത്ത് നിന്ന് ലോകത്തിന് മാതൃക കാട്ടിക്കൊടുത്തു.

അയോദ്ധ്യ അനപത്യദുഃഖത്തിലാണ്ട ഒരു ഭൂതകാലമുണ്ട്. ദശരഥൻ നാടു ഭരിച്ചിരുന്നകാലം. പണ്ട് കോസലരാജ്യം ഭരിച്ച മനുവിന്റെ തറവാട്ടുകാരായ മന്നവപരമ്പരയിലെ ഒരു കണ്ണിയത്രെ ദശരഥൻ. അദ്ദേഹത്തിന്റെ അനപത്യദുഃഖം മാററാൻ ഋശ്യശൃംഗൻ ചെന്ന് പുത്രകാമേഷ്ടിയാഗം നടത്തി.

യാഗാഗ്നിയിൽ നിന്ന് സ്വർണ്ണകുംഭത്തിൽ പായസവുമായി അഗ്നിദേവൻ പ്രത്യക്ഷനായി. യാഗമല്ലാതെ മററുപോംവഴി അദ്ദേഹത്തിന്റെ മുന്നിൽ ഇല്ലായിരുന്നു. കാരണം മൂന്ന് കല്യാണം കഴിച്ചു. ആദ്യം കൗസല്യയെ, അവൾ പ്രസവിച്ചത് ഒരു പെൺകുഞ്ഞിനെ ആയിരുന്നു. അതിന് ശാന്ത എന്ന് പേരിട്ടു. ബഹുവല്ലഭത്വം രാജാക്കന്മാരുടെ ആനുകൂല്യമായിരുന്നതിനാൽ ആൺകുഞ്ഞിനെക്കിട്ടാൻ കൈകേയിയെ കൂടി പരിണയിച്ചു. അവൾ പ്രസവിച്ചതേയില്ല. അതുകൊണ്ട് ഒരു കല്യാണം കൂടി കഴിച്ചു. മൂന്നാമത് വേട്ട സുമിത്രയ്ക്കും സൽസന്താനഭാഗ്യമുണ്ടായില്ല. അങ്ങനെ വസിഷ്ഠമഹർഷി പറഞ്ഞ പോംവഴിയാണ് യാഗം. യാഗാഗ്നിയിൽ നിന്നുയിർത്ത ദേവൻ, കുംഭത്തിലെ പായസം രണ്ടായി പകുത്തു. കൗസല്യയ്ക്കും കൈകേയിക്കും ഓരോപകുതി വീതം കിട്ടി. സുമിത്രയ്ക്ക് പായസം ഇല്ലാത്ത സ്ഥിതി. കൗസല്യയും കൈകേയിയും തങ്ങൾക്ക് കിട്ടിയതിന്റെ പകുതി വീതം സുമിത്രയ്ക്ക് കൊടുത്തു. ഫലത്തിൽ സുമിത്രയ്ക്ക് മററുരണ്ടു പേരുടെയും ഇരട്ടി അളവ് പായസം കിട്ടി. തങ്ങൾക്ക് കിട്ടിയ പായസം അവർ മൂന്നുപേരും കഴിച്ചു. ഉള്ളിൽചെന്ന പായസത്തിന്റെ അളവിന്റെ തോതിൽതന്നെ ഫലമുണ്ടായി. കൗസല്യയ്ക്കും കൈകേയിയ്ക്കും ഓരോ ആൺകുഞ്ഞുങ്ങൾ ഉണ്ടായി. യഥാക്രമം രാമനും, ഭരതനും, സുമിത്ര ഇരട്ട പ്രസവിച്ചു. ലക്ഷ്മണനും ശത്രുഘ്നനും ആയിരുന്നു കുഞ്ഞുങ്ങൾ.

ഈ സംഭവങ്ങൾ നടന്ന സ്ഥലത്ത് പിൽക്കാലത്ത് രാമക്ഷേത്രമുണ്ടാക്കിയെന്നും അത് കാലാന്തരത്തിൽ അശ്രദ്ധമായിക്കിടന്നെന്നും, നൂററാണ്ടുകൾക്ക് ശേഷം ബാബർ എന്ന മംഗോളിയൻ ആക്രമണകാരി ഇന്ത്യൻ അതിർത്തി അതിക്രമിച്ച് കീഴടക്കി മുഗൾ സാമ്രാജ്യം സ്ഥാപിച്ചപ്പോൾ രാമക്ഷേത്രംപൊളിച്ച് പള്ളി പണിഞ്ഞെന്നും ഒക്കെയുള്ള ചരിത്രങ്ങൾ ഇന്ത്യയിലെ സാമാന്യ ജനങ്ങളുടെ സ്വാസ്ഥ്യം കെടുത്തുന്ന വിഷയങ്ങളായി പരിണമിച്ചിരിക്കുന്നു.

**അയോദ്ധ്യാവിധി 2010**

അലഹബാദ് ഹൈക്കോടതി രാമജന്മഭൂമി-ബാബ്റിമസ്ജിദ് തർക്കത്തിൽ 2010 സെപ്തംബർ 30ന് വിധി പറഞ്ഞു. ജസ്ററിസുമാരായ എസ്.യു.ഖാൻ, സുബീർ അഗർവാൾ, ഡി.വി.ശർമ്മ എന്നിവർ പ്രത്യേകം പ്രത്യേകം സമർപ്പിച്ച വിധിന്യായങ്ങളാണ് പുറത്ത് വന്നത്. തർക്ക പ്രദേശത്തിന്റെ വിസ്തീർണ്ണം 2.77 ഏക്കറാണ്. ഈ സ്ഥലത്തിന്റെ ഉടമസ്ഥാവകാശവാദികൾ മൂന്ന് കക്ഷികളാണ്. ഒന്ന് വൈഷ്ണവ സമ്പ്രദായം പിന്തുടരുന്ന ഹൈന്ദവഗ്രൂപ്പായ നിർമോഹി അഖാര. രണ്ട്, ശ്രീരാമ വിരാജ്മാൻ (ശ്രീരാമന്റെ കക്ഷി) മൂന്ന് വക്കഫ് സുന്നി സെൻട്രൽ ബോർഡ്

1528 ൽ ബാബറുടെ ഗവർണർ ബിർമാകിയാണ് ബാബ്റി പള്ളി പണിഞ്ഞത്. അതിന് മുമ്പ് എന്തായിരുന്നു സ്ഥിതി എന്ന് അന്വേഷിക്കാൻ നടന്ന ഉത്ഖനനങ്ങൾ, അവിടെ രാവണനെ വധിച്ച വിഷ്ണുഹരിക്ക് ആദരവായി നിർമ്മിച്ചക്ഷേത്രമുണ്ടായിരുന്നു എന്ന് തെളിയിക്കുന്നുവത്രെ

ഇക്കാര്യം ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ അംഗീകരിച്ച വസ്തുതയുമത്രെ (ലേഖനം Fundemental issue in Ayadhya case, the Hindu 8.10.10). 1950 ലാണ് സ്വതന്ത്ര ഇന്ത്യയിൽ ഇതു സംബന്ധിച്ച ഒരു കേസ് ആദ്യമായി കോടതിക്ക് മുന്നിൽ വരുന്നത്. അതിനുശേഷം നാല് കേസ് കൂടി ഫയൽ ചെയ്യപ്പെട്ടു. അഡ്വക്കേറ്റ് ജനറൽ അഭ്യർത്ഥിച്ചത് മാനിച്ചു നാലു



കേസുകളും ഒരുമിച്ച് പരിഗണിച്ചു. 94 സാക്ഷികളെ വിസ്തരിച്ചു 58 സാക്ഷികളെ ഹിന്ദു സംഘടനകൾ അണിനിരത്തിയെങ്കിൽ 36 പേരെ മുസ്ലീം സംഘടനകളും അണിനിരത്തി. ഇവരുടെ മൊഴികൾ 13000 ൽ അധികം പേജുകളിൽ വ്യാപിച്ചു കിടക്കുന്നു. ഇപ്പോൾ പുറത്തു വന്നിരിക്കുന്ന 8189 പേജുള്ള കോടതി വിധി, ഇക്കാര്യങ്ങളെല്ലാം പരിഗണിച്ചിട്ടുണ്ട്.

മൂന്ന് വിധികർത്താക്കളും അവരവരുടെ നീതിബോധത്തിന് അനുസൃതമായിട്ടാണ് വിധികൾ പ്രസ്താവിച്ചിരിക്കുന്നത്. ഇത്രയേറെ സങ്കീർണമാക്കപ്പെട്ട ഒരു വിഷയമാണെങ്കിലും കേസിൽ ഉൾപ്പെട്ട കക്ഷികൾക്ക് തർക്കപ്രദേശം മൂന്നായി വിഭജിച്ച് തുല്യമായി നൽകുന്ന കാര്യത്തിൽ വിധിന്യായങ്ങൾ വ്യക്തതപാലിക്കുന്നു എന്നത് വിധിയുടെ വിജയമാണ്.

പക്ഷെ വിഭിന്നങ്ങളായ വിലയിരുത്തലുകൾ വിധിയെ തുടർന്ന് പൊന്തിവന്നിട്ടുണ്ട്. എങ്കിലും അവയെ രണ്ട് തട്ടായി വിഭജിക്കാമെന്ന് തോന്നുന്നു. ഒന്ന് നേതൃതിരകളിലും പണ്ഡിതശ്രേണികളിലും ജനപ്രതിനിധാനതലങ്ങളിലും വിരാജിക്കുന്ന വലിയ ആളുകളുടെ പ്രതികരണങ്ങളാണെങ്കിൽ, രണ്ടാമത്തേത് ഇന്ത്യയിലെ സാധാരണ പൗരജനങ്ങളുടെ പ്രതികരണങ്ങളാണ്. ഇവയിൽ ഉൽകൃഷ്ടം, സാധാരണ പൗരജനങ്ങളുടേതാണ് എന്ന് നിസ്സംശയം പറയാൻ ഈ ലേഖകന് ആഹ്ളാദമാണ്, ആവേശമാണ്.

ചരിത്രപണ്ഡിതരായ റോമിലാ ഥാപറും കെ.എൻ.പണിക്കറും പ്രതികരിച്ചിട്ടുണ്ട്. റോമിലാ ഥാപർ ചരിത്രത്തെ മാനിക്കാത്ത വിധി എന്ന് പറഞ്ഞപ്പോൾ, മദ്ധ്യസ്ഥസ്വഭാവമുള്ള ഈ വിധി രാമജന്മസ്ഥാനം നിർണയിച്ച് പറഞ്ഞിരിക്കുന്നത്. ചരിത്രത്തിന് നിരക്കാത്ത കാര്യമാണ് എന്നാണ് ഡോ.കെ.എൻ.പണിക്കരുടെ ഭാഷ്യം. ചരിത്രകാരനായ ഇർഫാൻ ഹബീബാകട്ടെ ബാബർ ക്ഷേത്രം തകർത്തതിന് തെളിവില്ല. എങ്കിലും അത് അംഗീകരിച്ച വിധി ന്യായം, 1949 ൽ രാമവിഗ്രഹം പള്ളിയിൽ കൊണ്ട് വച്ച ഇടം രാമജന്മസ്ഥാനമാണെന്ന് അംഗീകരിച്ച് അതേ സ്ഥലം ഹിന്ദു കക്ഷികൾക്ക് അനുവദിച്ചതിനെ വിമർശിക്കുന്നു. സുപ്രീം കോടതി മുൻജസ്ററിസ് കെ.ടി തോമസ് വിധിയെ സ്വാഗതം ചെയ്തു. മുൻകേന്ദ്ര നിയമ മന്ത്രിയും ഇപ്പോൾ ഹിന്ദു ധർമ്മ ആചാര്യസഭയുടെ നിയമ-പാർലമെന്റ് സെല്ലുകളുടെ കൺവീനറുമായ സുബ്രഹ്മണ്യൻ സ്വാമി, ബാ





ബാബറിമസ്ജിദ് തകർത്തവരെ ശിക്ഷിക്കണം എന്ന് പറയുന്നതിനൊപ്പം മസ്ജിദിന് ക്ഷേത്രത്തോളം പ്രാധാന്യമില്ല എന്ന് സമർത്ഥിക്കാൻ ശ്രമിക്കുന്നു.

എന്നാൽ ഇന്ത്യാ മഹാരാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പ്രബുദ്ധരായ പൗരജനങ്ങൾ ഒന്നടങ്കം ആഗ്രഹിക്കുന്നത് അവരുടെ പ്രതികരണങ്ങളിൽ തിളങ്ങി നിൽക്കുന്നു. പത്രാധിപർക്ക് എഴുതുന്ന കത്തുകളായി, വിധി പറഞ്ഞശേഷം പത്താം ദിവസവും അവ സമൃദ്ധമായി പത്രങ്ങൾ പ്രസിദ്ധീകരിച്ച് കാണുന്നു. തങ്ങളുടെ സമാധാന ജീവിതത്തെ താറുമാറാക്കിയിരുന്ന അയോദ്ധ്യാപ്രശ്നം സാമാന്യം യുക്തിഭദ്രമായ ഈ വിധിയോടെ അവസാനിക്കണം എന്നവർ ആഗ്രഹിക്കുന്നു.

സിംഗപ്പൂരിലുള്ള എം.ജയറാമും ഹൈദരാബാദിൽ നിന്നും ടി.ആർ.മാധവനും, വിശാഖപട്ടണത്തുനിന്ന് ചക്രവർത്തിയും കൊച്ചിയിൽ നിന്ന് രാമചന്ദ്രനും ചരിത്രപരമായ വിധിയെന്ന് വിലയിരുത്തി ആശ്വസിക്കുന്നു. കലാപ-വിദ്വേഷ കലുഷിതമായ അന്തരീക്ഷമിനി ഇവിടെ ഉണ്ടാവില്ല എന്ന പ്രത്യാശയോടെ ചെന്നൈയിൽ നിന്ന് ലെനിൻ എഴുതുന്നു. ആർക്കും ജയത്തിന്റെയും തോൽവിയുടെയും അനുഭവങ്ങൾ പകരാതെ വന്ന നിഷ്പക്ഷമായ വിധി-തഞ്ചാവൂർ നിന്ന് ഭരത് അഭിപ്രായപ്പെടുന്നു. നമുക്ക് അയോദ്ധ്യാവിധിയെ ഒററക്കെട്ടായി സ്വാഗതം ചെയ്യാം എന്ന് കാജാഫഹിമുദിൻ അഹ്മദ് ആഹ്വാനം ചെയ്യുന്നു.

വിധിക്ക് ശേഷം യു.പി.യിൽ സഞ്ചരിച്ച വിദ്യാ സുബ്രഹ്മണ്യം എന്ന ലേഖിക, ദിഹിന്ദു പത്രത്തിൽ ചെറുപ്പക്കാരും മുസ്ലീങ്ങളും വിധിയെപ്പററി പറഞ്ഞത് വിശദമായി എഴുതിയിട്ടുണ്ട്. മാദ്ധ്യമങ്ങൾ പകർന്ന നിറത്തിനും ചായ്‌വിനും അതീതമായി നേരായി കാര്യങ്ങൾ ഗ്രഹിക്കാൻ ഇന്ത്യയിലെ യുവജനങ്ങൾ കഴിവുള്ളവരാണ്. എന്ന് ആ ലേഖിക വിലയിരുത്തുന്നു. നേർദിശയിൽ കാര്യങ്ങൾ ഉൾക്കൊള്ളത്തക്ക വെളിപാട് ആർജ്ജിച്ചവരെ പോലെ അവർ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നു. ഏററവും സൂക്ഷ്മമായ വാർത്താ ശകലങ്ങൾ വരെ സെൻസേഷണലൈസ് ചെയ്യാൻ ശ്രമിക്കുന്ന മാദ്ധ്യമങ്ങളെ ഇളിഭ്യമാക്കിക്കൊണ്ട് സമാധാനകാംക്ഷികളായ അവർ പ്രശ്നങ്ങൾ അവസാനിക്കുന്നതിന് അദമ്യമായി ആഗ്രഹിക്കുന്നു. ഇരുത്തം വന്ന പക്വമതിത്വം അവർ പ്രകടിപ്പിക്കുന്നു.

സംസാരിക്കുമ്പോൾ അവർ വികാരം കൊള്ളുന്നില്ല. കോപത്തിന്റെയോ വിദ്വേഷത്തിന്റെയോ മിന്നലാട്ടങ്ങളില്ല. വ്യാജ മതേതരവാദികളായ നേതാക്കളെ അവർ തിരിച്ചറിഞ്ഞ് അവധാനതയോടെ സംസാരിക്കുന്നു. വീണ്ടും അപ്പീലിന് പോകും എന്ന് വീറോടെ പ്രഖ്യാപിക്കുന്ന വക്കഫ് ബോർഡിനെയും സന്യാസിസംഘത്തെയും അവർ പുച്ഛിക്കുന്നു. ജമാ മസ്ദിജിൽ നടത്തിയ വെള്ളിയാഴ്ച പ്രഭാഷണത്തിൽ ഷഹി ഇമാം ചാലിച്ച വിദ്വേഷ ഉത്തേജകങ്ങളായ പ്രയോഗങ്ങളെ അവർ ഇഷ്ടപ്പെടുന്നില്ല. കൗമാരം



വിട്ടുമാറാത്ത ബാൽറാംപൂരിലെ ഷഹറത്തിനും, ബാരാബങ്കിയിലെ ഷഹഷദ് അഹമ്മദിനും, അയോദ്ധ്യയിലെ എഹ്സൻബായിക്കും, കേസ് ആരോ ജയിക്കട്ടെ ഞങ്ങൾക്ക് സമാധാന ജീവിതമാണ് വേണ്ടതെന്നു പറയുന്നു. അധ്യാപകരും, ഗവേഷണവിദ്യാർത്ഥികളും സോഫ്ട്‌വെയർ കൺസൾട്ടൻറുകളും, ചരിത്രമേതുമാകട്ടെ ഞങ്ങൾക്ക് വർത്തമാനകാലത്തിൽ സ്നേഹവും സൗഹൃദവും വിദ്വേഷങ്ങളില്ലാത്ത സഹവർത്തിത്വം മാത്രം മതി എന്ന് ഉറക്കെ പ്രഖ്യാപിക്കുന്നു.

പോണ്ടിച്ചേരി സർവ്വകലാശാലയിലെ വൈസ് ചാൻസിലർ ജലീസ് അഹ്മദ്ഖാൻ തരീൻ വക്കഫ് ബോർഡിന്റെ സമീപനത്തെ അപലപിക്കുന്നു. വക്കഫ് ബോർഡിന് തന്നെപ്പോലുള്ള സാധാരണ മുസ്ലീമിനെ പ്രതിനിധാനം ചെയ്യാനുള്ള ധാർമ്മിക അവകാശമില്ല എന്നും രണ്ടേ മുക്കാൽ ഏക്കറിലെ തർക്കം വിശാലഭാരതത്തെ ഉലയ്ക്കാൻ തന്നെപ്പോലുള്ള മുസ്ലീങ്ങൾക്ക് താൽപര്യമില്ല എന്നും പ്രഖ്യാപിക്കുന്നു. ഈ വിധത്തിലുള്ള ഒരു പൊതുജന അഭിപ്രായം വളരണം എന്നും അദ്ദേഹം ആഹ്വാനം ചെയ്യുന്നു.

1528 മുതൽ 2010 വരെയുള്ള സംഭവപരമ്പരകൾ അയവിറക്കാതെ തുടച്ചു വൃത്തിയാക്കിയ സ്ലേററിൽ സ്നേഹമന്ത്രങ്ങൾ എഴുതാനാണ്. സാധാരണ ഇന്ത്യൻ പൗരൻ വിളിച്ചു പറയുന്നത് അവനത് വിളിച്ചു പറയാതെ തിരിച്ചറിയാൻ കഴിവുള്ള ജനനായകർ നമുക്കില്ലാത്തത് നമ്മുടെ ദുര്യോഗം. പണ്ഡിററ്ജിയെപ്പോലൊരു മഹാപ്രധാനമന്ത്രിയോ വല്ലഭായ് പട്ടേലിനെപ്പോലൊരു ഉരുക്കുമനുഷ്യനായ ആഭ്യന്തരമന്ത്രിയോ നമുക്കില്ല. ഇ.എം.എസ്സിനെ പോലൊരു ക്രാന്തിദർശിയായ ദാർശനികൻ നമുക്ക് ഇന്നില്ല.

ഏതാനും കുത്സിതബുദ്ധികളായ മതപ്രമുഖരും രാഷ്ട്രീയ നേതാക്കളും പ്രശ്നങ്ങളെ വളച്ചൊടിച്ച് കുഴപ്പം സൃഷ്ടിക്കാൻ ശ്രമിക്കുമ്പോൾ അത് ഇന്ത്യൻ ജനത എങ്ങനെ കാണുന്നു എന്ന് കാണാൻ കഴിവുള്ള ജനനേതാവില്ല. അത് വിലയിരുത്താൻ ഇന്ന് ഭരണസാരഥ്യം വഹിക്കുന്നവർക്ക് കഴിവ് ഇല്ല തന്നെ. ഭീതിപടർത്തുന്ന പ്രസ്താവനകളും മുന്നൊരുക്കങ്ങളും ഈ കഴിവുരാഹിത്യത്തിൽ നിന്ന് ഉത്ഭവിക്കുന്നത് തന്നെ. ജസ്ററിസ് വി.ആർ.കൃഷ്ണയ്യർ ഇക്കാര്യം ചൂണ്ടിക്കാട്ടിയിരുന്നു. ഉൽകണ്ഠാകുലരായി അയോദ്ധ്യാവിധി പ്രഖ്യാപനത്തിന്റെ പ്രത്യാഘാതങ്ങളെ ഭയന്നിരുന്നവരെ അതിശയപ്പെടുത്തിക്കൊണ്ട് ശാന്തിദൂതനായ മഹാത്മജിയുടെ ഇന്ത്യൻ ജനത അവസരത്തിനൊത്ത് ഉയർന്നു. ഒരു ആക്രോശം ഉണ്ടായില്ല. ഒരു തർക്കമുണ്ടായില്ല എന്ന് മാത്രമല്ല, ദേശീയ പ്രാധാന്യമുള്ള ഇന്ത്യൻ കേന്ദ്രങ്ങളിൽ നാനാമതസ്ഥർ, കൈകോർത്ത് നിന്ന് ലോകത്തിന് മാതൃക കാട്ടിക്കൊടുത്തു. ഇന്ത്യക്കാരുടെ നിർമ്മല ഹൃദയം അന്നോളം കണ്ടിട്ടില്ലാത്ത ഇന്ത്യയുടെ ആഭ്യന്തരമന്ത്രി ഉൾപ്പെടെയുള്ള ഭരണാധികാരികൾ അന്ന് അത് കണ്ടു!.

Dr. P.S. Mohanakumar



# New Symbol for Indian Rupee



India got a symbol for the Rupee, denoting the strength of its economy, and joined a select club of countries whose currencies have a unique identity Even though not fully convertible, the Indian rupee got an identity with a blend of the Devanagri 'Ra' and Roman 'R' as its unique symbol, the Indian currency will be joining the elite club of the US dollar, the European euro, the British pound sterling and the Japanese yen to mark its presence in the global arena. The parallel lines symbolise the equal to sign.It would be included in the 'Unicode Standard' and major scripts of the world so as to ensure that it is easily displayed and printed in the electronic and print media. For being internationally recognised and easily printed on electronic and print media, the new symbol has to be accepted by the international unicode consortium's unicode technical committee that is responsible for the development and maintenance of the Unicode Standard.

In fact, the new symbol had been designed keeping in mind the ease with which it can be incorporated into the existing software systems"It denotes the robustness of the Indian economy,".

US dollar, British pound, European euro and Japanese yen currently have their own symbols.The need for the symbol had become necessary because of the Indian economy's rapid growth, which has propelled it to become one of the largest economies of the world.

"The symbol for the Rupee would lend a distinctive character and identity to the currency and further highlight the strength and robustness of the Indian economy as also a favoured destination for global investments,".. The new rupee will also find its way on to keyboards of Indian manufactured computer systems, with suitable amendments being made to the existing list by the Bureau of Indian Standards. For incorporating the symbol in the keyboards to be manufactured in India, the Manufacturers' Association for Information Technology will ask members to make requisite changes in the production processes once the symbol is notified as a keyboard standard,"

## Qatar is world richest country

Latest Publication by leading U.S. business media, Global Finance said Qatar's per capita income increased compared to last year amounted to U.S. $ 83,841.Came in second place was Luxembourg, which is known as the richest country since long. The per

capita income of the country with a very small populations has reached U.S. $ 79,411. The third position is occupied by Norway with per capita income of U.S. $ 52,964.

Meanwhile, Singapore was in fourth position with per capita income of U.S. $ 52,840. Brunei was in fifth place with U.S. $ 48,714.

As the most prosperous country in the world, according to a publication that was released 19 September 2010, Qatar get a blessing from the jump in state revenues was driven by increased production and export of liquefied natural gas (LNG). In fact, Qatar has become the biggest gas exporter in the world with production reaching a record of 77 million tons per year. Qatar is a country with a stable macroeconomic environment, efficient markets, bureaucracy and institutional quality, efficient and low-level government corruption, as well as a very good level of security. World Economic Forum this September has reported that "Qatar is the fastest growing country in the world, in 2010 Qatar economic estimated to grow 18.5 percent,"

## The Unique Identification Authority of India(UIDAI)

Once the project is rolled out, each Indian citizen will have one unique identification number that will identify him/her. This will not just help the government track down individuals as is highlighted by the media, but will make life far easier for citizens as they will not have to submit so many documents each time they want to avail a new service – private or government.

This will be the equivalent of the social security number in the US. Interestingly, many of the ideas like pension and social security would also be easier to roll out. If used properly, this will also channelize the government subsidies to the right recipients. "There has been a long-felt need in the country for a system of unique identification of every individual for a variety of purposes such as better targeting of government's development schemes, regulatory purposes (including taxation and licensing), security purposes, banking and financial sector activities, etc. In the absence of such a nationwide system, each sector of the economy or department/ agency of the government adopts its own system of identification such as PAN card, ration card, Electoral Photo Identity Card, credit cards, etc,"



ജ്ഞാനപീഠജേതാവ്
മലയാളത്തിൻെറ മഹാകവി
ഒ.എൻ.വി. കുറുപ്പിന്
എ.കെ.പി.സി.ടി.എ.യുടെ
അഭിനന്ദനങ്ങൾ

**ഡോ. എം. ആർ. സുദർശനകുമാർ**
*എം.ജി.കോളജ്, തിരുവനന്തപുരം*





# ശാസ്ത്ര നൊബേൽ സമ്മാന ജേതാക്കൾ - 2010

ശാസ്ത്രജ്ഞർ ടെസ്റ്റ് ട്യൂബുകളിൽ സൃഷ്ടിക്കുന്ന രാസപ്രവർത്തനങ്ങളാണ് കാർബണിക രസതന്ത്രത്തിന്റെ വികാസത്തിന് കാരണമാകുന്നത്. മനുഷ്യരാശിക്ക് ഉപകാരപ്രദങ്ങളായ ഔഷധങ്ങളും നൂതന സാങ്കേതിക പദാർത്ഥങ്ങളും നിർമ്മിക്കുവാൻ ഈ രാസപ്രവർത്തനങ്ങൾ സഹായകരമാകുന്നു. 2010 ലെ രസതന്ത്രത്തിനുള്ള നൊബേൽ സമ്മാനം Richard F.Heck (79 വയസ്, അമേരിക്ക), Ei-ichi Negishi (75 വയസ്സ്, ജപ്പാൻ) Akira Suzuki (80 വയസ്, ജപ്പാൻ) എന്നവർ പങ്കിട്ടു. കാർബണിക സംയുക്തങ്ങളുടെ ഉൽപാദനത്തിന് പലേഡിയം അടങ്ങിയിട്ടുള്ള ഉത്പ്രേരകങ്ങൾ ഉപയോഗിച്ചുള്ള രാസപ്രവർത്തനങ്ങൾ വികസിപ്പിച്ചെടുത്തതിനാണ് ഇവർക്ക് അവാർഡ് നൽകിയത്. നിരവധി ഔഷധങ്ങളുടെയും ഇലക്ട്രോണിക്സ് വ്യവസായ പദാർത്ഥങ്ങളുടെയും നിർമ്മാണത്തിന് ഈ രാസപ്രവർത്തനങ്ങൾ ഉപയോഗിക്കുന്നുണ്ട്.



Richard F.Heck



Ei-ichi Negishi



Akira Suzuki

ഒരു ആറ്റത്തിന്റെ കനം മാത്രമുള്ള കാർബൺ പാളിയാണ് ഗ്രാഫീൻ. ലോകത്തിലേറ്റവും കനം കുറഞ്ഞതും ഏറ്റവും ബലവുമുള്ളതാണ് ഗ്രാഫീൻ. വൈദ്യുത ചാലകതയിൽ ചെമ്പിനു സമാനമാണ്. താപചാലകതയിൽ മറ്റു പദാർത്ഥങ്ങളേക്കാൾ മെച്ചമാണ്. സാധാരണ പെൻസിലിലുള്ള ഗ്രാഫൈറ്റിൽ നിന്നാണ് ഗ്രാഫീൻ സൃഷ്ടിച്ചത്. 2004 ൽ ഗ്രാഫീനെ സൃഷ്ടിച്ച Andre Geim, Konstantin Novoselov എന്നിവർ ഭൗതികത്തിനുള്ള നൊബേൽ സമ്മാനം പങ്കിട്ടു. ഡച്ച് പൗരനായ Geim 1958 ൽ റഷ്യയിലാണ് ജനിച്ചത്. ബ്രിട്ടന്റെയും റഷ്യയുടേയും പൗരത്വമുള്ള Novoselov വും 1974 ൽ റഷ്യയിലാണ് ജനിച്ചത്. രണ്ടുപേരും ഇപ്പോൾ Manchester University യിൽ പ്രൊഫസർമാരാണ്. കമ്പ്യൂട്ടറുകളുടെയും മൊബൈൽ ഫോണുകളുടെയും ടച്ച് സ്ക്രീൻ നിർമ്മിക്കാനും സൗരോർജ്ജ സെല്ലുകളുൾപ്പടെ സമസ്ത മേഖലകളിലും ഗ്രാഫീൻ ഭാവിയിൽ ഉപയോഗിക്കപ്പെടുമെന്ന് ശാസ്ത്രജ്ഞർ കരുതുന്നു.



Andre Geim



Konstantin Novoselov





Robert.G.Edwards

ടെസ്റ്റ് ട്യൂബ് ശിശു സാങ്കേതിക വിദ്യയുടെ പിതാവായ Robert.G.Edwards ഈ വർഷത്തെ വൈദ്യശാസ്ത്ര നൊബേൽ സമ്മാർഹനായി. In Vitro Fertilization (IVF) ചികിത്സയുടെ ഉപജ്ഞാതാവാണദ്ദേഹം. ലോകത്തിലെ പത്ത് ശതമാനം ദമ്പതികൾ വന്ധ്യതാപ്രശ്നം നേരിടുന്നുണ്ട്. അവർക്കനുഗ്രഹമായത് ഈ സാങ്കേതിക വിദ്യയാണ്. 1978 ജൂലായ് 25 നാണ് ആദ്യത്തെ ടെസ്റ്റ് ട്യൂബ് ശിശുവായ Louise Brown ജനിച്ചത്. അതിനുശേഷം ഏതാണ്ട് നാൽപത് ലക്ഷത്തോളം ടെസ്റ്റ് ട്യൂബ് ശിശുക്കൾ ജനിച്ചിട്ടുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. 1925 ൽ ഇംഗ്ലണ്ടിലെ മാഞ്ചസ്ററിലാണ് അദ്ദേഹം ജനിച്ചത്. ഇപ്പോൾ University of Cambridge ലെ എമിററസ് പ്രൊഫസറാണ്.

*With the best compliments*

**BETHANIYA**

**PILIGRIM CENTRE REST HOUSE**

ST. MARY'S ORTHODOX CATHEDRAL
SULTHAN BATHERY
WAYANAD, KERALA 673592

*Contact:* 04936 224640 (Office)
9495760020, 9947121109
9447121123, 9961498185

എ. ജി. ഒലീന
*വി.ടി.എം.എൻ.എസ്.എസ്. കോളജ്, ധനുവച്ചപുരം*



# സ്വബുദ്ധിയെക്കുത്തിക്കവരും ചോരനെ.....




*മതവും മദ്യവും* എന്ന പേരിൽ ഒരു കവിത ഉള്ളൂർ എഴുതിയിട്ടുണ്ട്; മലബാർ ജില്ലയിൽ മദിരാപാനം വിലക്കിയ മദിരാശി മന്ത്രിധുരന്ധരന്മാരെ അഭിസംബോധചെയ്തുകൊണ്ട്. മലബാറിൽ സ്വീകരിച്ചനടപടിയെ ശ്ലാഘിക്കുകയും പറശ്ശിനിക്കടവിൽ സുരാനിവേദനത്തിനായി ഓരോ കുപ്പി ചാരായം അനുവദിക്കുന്നതിനെ വിമർശിക്കുകയും ചെയ്യുന്ന കവിതയാണ് മതവും മദ്യവും

ഇരുപതാംനൂററാണ്ടിതെന്നറിയാത്ത
വിരുതർ താനവർ വികലദൃഷ്ടികൾ
നിനച്ചിടുന്നുവോ മദിരയർപ്പിച്ചു
ജനനിതൻ മയം മയക്കുവാൻ നിങ്ങൾ?
ഭഗാവതിയുടെ മറയിൽ നിന്നെന്നും
നൃഗണനിന്ദ്യമാം മദിര മോന്തുന്നു?
സ്വബുദ്ധിയെ കുത്തിക്കവരും ചോരനെ
സ്വജിഹ്വതൻ വഴിക്കകത്തു കേററുന്നു?

ഇത്തരം ദുഷിച്ച ആചാരങ്ങളെ അറുത്തെറിയണമെന്നും നിങ്ങളുടെ നിവേദനക്രമം പരിഷ്കരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെടുന്നു. നിങ്ങൾ മൃഗത്വം കൈവിട്ടു മനുഷ്യരാകുന്നതിൽ ഏതു ഭഗവതിക്കാണു പകവരുകയെന്നു ചോദിക്കുകയാണ് കവി. ദേവപ്രീതിയ്ക്കായി മദ്യം വിളമ്പുന്ന അറയ്ക്കുന്ന മാമൂലിനെയാണ് ഉള്ളൂർ തുറന്നുകാട്ടിയത്.

എന്താണ് ഈ കവിതയുടെ ഇപ്പോഴത്തെ പ്രസക്തി? ഇക്കഴിഞ്ഞ ഓണക്കാലത്ത് നമ്മുടെ ദൃശ്യമാധ്യമങ്ങളിൽ ഫ്ളാഷ് ചെയ്യപ്പെട്ട ഒരു മത്സരമാണ് ഇത്തരത്തിലൊരു ചിന്തയ്ക്ക് പ്രേരണ. മത്സരത്തിൽ ആദ്യം മുന്നിലെത്തിയത് ചാലക്കുടിയെങ്കിൽ നേരംപുലരുമ്പോഴേയ്ക്കും ഒന്നാം സ്ഥാനത്തേക്ക് കുതിച്ചത് കരുനാഗപ്പള്ളിയാണ്. ഏതു നാട്ടിലെ പ്രബുദ്ധരായ കേരളയീരാണ് സുരാപാനത്തിൽ മുമ്പിലെന്നതാണ് മത്സരവിഷയം. കമ്പോളത്തിന്റെയും കമ്പോളധിഷ്ഠിത മത്സരത്തിന്റെയും വർത്തമാനകാലത്ത് മത്സരങ്ങൾ ജീവിതത്തിന്റെ തന്നെ ഭാഗമാണ്. പക്ഷേ ഏതു നാടാണ് മദ്യപാനത്തിൽ മുമ്പിലാകുന്നതെന്ന മത്സരം ഒരു പ്രബുദ്ധസമൂഹത്തിന് എത്രമാത്രം ഭൂഷണമാണെന്നു ചിന്തിക്കേണ്ടതുണ്ട്. മാവേലി സ്റ്റോറിനു മുന്നിലോ, നീതി സ്റ്റോറിനു മുമ്പിലോ ടിക്കററുകൗണ്ടറുകൾക്ക് മുന്നിലോ ഉള്ള ക്യൂവുകളിലെ സഹജീവിയോട് സഹിഷ്ണുതയോടെ പെരുമാറാനറിയാത്ത മലയാളി ബീവറേജസ് കോർപ്പറേഷൻ ക്യൂവിൽ സഹവർത്തിത്വത്തിന്റെ സന്ദേശവാഹകരായി മാറുന്നു. ......ചോറൂണു മുതൽ ചാവടിയന്തിരം വരെ എല്ലാ ആചാരങ്ങൾക്കും - ജാതിമത ഭേദമന്യേ - മദ്യം വിശിഷ്ട വിഭവമോ അനുബന്ധവിഭവമോ ആയിട്ടു നാളു കുറച്ചായിരിക്കുന്നു. വിവാഹാ



ഘോഷങ്ങളോനുബന്ധിച്ചുള്ള മദ്യപാനവും അതേ തുടർന്നുള്ള കലാപരിപാടികളും നമ്മുടെ നാട്ടിൻപുറങ്ങളിൽ പോലും സഭ്യതയുടെ അതിരുകൾ ഭേദിക്കുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. കുടിച്ചു കൂത്താടിയും മദിച്ചുല്ലസിച്ചും ജീവിതം അടിപൊളിയാകുന്ന നവമലയാളിയുടെ ആഗോള ബോധവും ആഗോളപൗരത്വവും നിർണയിക്കുന്ന ഒരു പ്രധാന ഘടകമായി മദ്യം പരിവർത്തിക്കപ്പെട്ടിട്ടുണ്ട്. ഒരു വശത്ത് സ്ത്രീയുടെ സാമൂഹികപദവിയെ പുനർനിർണയിക്കുന്ന ക്ഷേമപരിപാടികളും നയപരിപാടികളും കാര്യക്ഷമമായി നിർവഹിക്കപ്പെട്ടുകൊണ്ടിരിക്കുമ്പോൾ, മറുവശത്ത് കേരളസ്ത്രീയുടെ ജീവിതം കൂടുതൽ കൂടുതൽ അരക്ഷിതവും പീഡനാത്മകവുമായിത്തീരുന്നുവെന്ന് നമുക്കൊക്കെ ബോധ്യമുണ്ട്. നൂറുശതമാനം സാക്ഷരതയും ആരോഗ്യസുരക്ഷയുമൊക്കെയുള്ള കേരളത്തിലെ സ്ത്രീകൾ നേരിടുന്ന അരക്ഷിതാവസ്ഥയുടെ പല കാരണങ്ങളിൽ പ്രധാനമായ ഒന്നാണ് മദ്യപാനം. മദ്യപരായിട്ടുള്ളത് പുരുഷന്മാർ മാത്രമല്ലെന്നും നമ്മുടെ നാട്ടിൽ ഇക്കാര്യത്തിൽ സ്ത്രീകളുടെ പങ്കാളിത്തവും വർധിച്ചുവരുന്നതായും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. തലസ്ഥാനനഗരിയിൽ സ്ത്രീകൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ വർധിക്കുന്നതായി സഖി സ്ത്രീപഠനകേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ നടത്തിയ സർവേ തെളിവു നൽകുന്നു. 65% വനിതകൾ നഗരത്തിൽ ഒരു വർഷത്തിനിടെ രണ്ടു മുതൽ അഞ്ചു തവണവരെ ലൈംഗിക അതിക്രമങ്ങൾക്കു വിധേയരാകുന്നവെന്നു കണക്കുകൾ സൂചിപ്പിക്കുമ്പോൾ, പ്രതിസ്ഥാനത്ത് ചെറുതല്ലാത്തൊരു റോൾ മദ്യത്തിനുണ്ടെന്നു സമ്മതിക്കാതെ വയ്യ. വർധിച്ചുവരുന്ന വാഹനാപകടങ്ങളിലെ വില്ലനെപ്പോലെ നിത്യജീവിതത്തിന്റെ നാരകീയതയ്ക്കും മദ്യം കാരണമാകുന്നു. ഒരു പക്ഷേ ഇതൊന്നും നമുക്കറിയാഞ്ഞിട്ടല്ല. എന്തുകൊണ്ടോ മദ്യത്തിന്റെ പ്രലോഭനത്തെ അതിജീവിക്കാൻ മലയാളിക്കാവുന്നില്ല. നാട്ടിലെങ്ങും കൂണുകൾ പോലെ സൂപ്പർ സ്പെഷ്യാലിററി ആശുപത്രികൾക്ക് രൂപം നൽകിക്കൊണ്ട് നമ്മുടെ ആരോഗ്യചിന്തരങ്ങു തകർക്കുമ്പോഴാണ് മദ്യത്തിൽ മുങ്ങി നമ്മൾ സ്വയം നശിക്കുന്നത്. 1962 കിളികൾ പാടാതായപ്പോഴാണ് നമ്മൾ ഡി.ഡി.ററി വിതയ്ക്കുന്ന ദുരന്തം തിരിച്ചറിഞ്ഞത്. കുടിച്ചു കണ്ണുമഞ്ഞളിച്ചുപോയ മലയാളിക്ക് സ്വബോധം വീണ്ടെടുത്തു കൊടുക്കുവാൻ ഇന്ന് എം.പി.മന്മഥനോ ജി.കുമാരപിള്ളയോ ഇല്ലല്ലോ. അതുകൊണ്ടാകാം അറിയാതെ, ഉള്ളൂരിന്റെ ആ പഴയ കവിത ഓർമ്മയിൽ നിറഞ്ഞത്


## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

ജേർണലിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനം, ചെറുകഥ, കവിത, തുടങ്ങിയ സാഹിത്യ സൃഷ്ടികൾ സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾ, വിജ്ഞാനപ്രദമായ കുറിപ്പുകൾ, മററ് വാർത്തകൾ, ഫോട്ടോകൾ, പരസ്യങ്ങൾ ഇവയൊക്കെ ചീഫ് എഡിററർക്ക് അയയ്ക്കുക.

**വാർഷിക വരിസംഖ്യ 100 രൂപ മാത്രം**

**ബ്രാഞ്ചുകൾ ജേർണലിലേയ്ക്ക് പരസ്യം ശേഖരിച്ച് അടിയന്തിരമായി എത്തിക്കുക.**

പരസ്യങ്ങൾക്കുള്ള താരിഫ് കാർഡുകൾ ജില്ലാ സെക്രട്ടറിയിൽ നിന്നോ
മാനേജിംഗ് എഡിറററിൽ നിന്നോ ലഭിക്കുന്നതാണ്.

*ചീഫ് എഡിറററുടെ വിലാസം*
**ഡോ. എസ്. ജയരാജ്കുമാർ**
ഗീതാഞ്ജലി, 79 ഉള്ളൂർ ഗാർഡൻസ്,
കൊച്ചുള്ളൂർ, മെഡിക്കൽ കോളേജ് പി. ഒ
തിരുവനന്തപുരം- 695 011,
ഫോൺ: 0471-2440004

*മാനേജിംഗ് എഡിറററുടെ വിലാസം*
**ഡോ. വി. ജയകുമാർ**
ഐശ്വര്യ, ററി. സി. 55/494,
ശാരദാ ഗാർഡൻസ് ലെയ്ൻ, നീറമൺകര
പാപ്പനംകോട് പി. ഒ, തിരുവനന്തപുരം -695 018,
ഫോൺ: 0471 -2491432

**AKPCTA State Committee Office**
Mathurbhoomi Road, Vanchiyoor, Thiruvananthapuram-35 Phone: 0471- 2463494, Fax: 0471-2468984,
Mobile:09495425219 e-mail:akpctatvm@gmail.com www.akpcta.org

**പ്രമോദ് വെള്ളച്ചാൽ**
*എം.ജി.കോളജ്, ഇരുട്ടി*



# മാനേജ്മെൻറ് ഭീകരവാദവും കാലപത്തിൻെറ ധാർമ്മികതയും




എം.പി പോൾ കലാപത്തിൻെറ തിരുശേഷിപ്പുകൾ
ജോർജ്ജ് ഓണക്കൂർ
കറൻറ് ബുക്സ് വില 60 രൂപ

കേരളത്തിലെ വലിയൊരു ശതമാനം എയിഡഡ് കോളജുകളുടെയും നടത്തിപ്പുകാർ യാഥാസ്ഥിതിക മത സാമുദായിക പ്രമാണിമാരാണ് എന്നുള്ളത് ഒരു പകൽ സത്യമാണ്. മത, സാമുദായിക ബോധങ്ങളെ ജനാധിപത്യത്തിൻെറ വലിയൊരു ചരിത്ര സംഘർഷമായിരുന്നു നവോത്ഥാനത്തിൻെറ സാംസ്കാരിക സമരപാരമ്പര്യം. പക്ഷെ കേരളത്തിലെ കമ്മ്യൂണിസ്ററ് മന്ത്രിസഭയെ അട്ടിമറിക്കുവാൻവേണ്ടി കേരളത്തിലെ വലതുപക്ഷവും മതസാമുദായിക ലോബികളും സാമ്രാജ്യത്വവും കണ്ണിചേർന്നു നിർമ്മിച്ച അവിശുദ്ധ മാഫിയാ ബന്ധങ്ങൾ ചരിത്രത്തിൻെറ താളുകളിൽ മായ്ച്ചുകളയാൻ പററാത്ത വിധം എഴുതപ്പെട്ടിട്ടുള്ളതാണ്. ജാരസന്ധൻെറ പിളർന്നിട്ട ശരീരം ഒന്നു ചേർന്നതുപോലെയാണ് കുപ്രസിദ്ധമായ വിമോചന സമരത്തിനുശേഷം മതസാമുദായിക ശക്തികൾ വളർന്ന് വികസിച്ച് അറുപതുകളോടെ ഒരു അനിയാഥാസ്ഥിതിക ഭാവുകത്വം കേരളത്തിൽ ഉൽപ്പാദിപ്പിക്കാൻ തുടങ്ങിയത്.

ആഗോളീകരണം മനുഷ്യമുഖമില്ലാത്ത മൂലധന കേന്ദ്രീകരണത്തിൻെറ ചൂഷണ രീതിശാസ്ത്രങ്ങൾ സാർവ്വത്രികമാക്കിയതോടെ വിമർശനങ്ങളോട് അസഹിഷ്ണുതയുള്ള അധികാരകേന്ദ്രങ്ങൾ പലയിടങ്ങളിലും മുരണ്ടു തുടങ്ങി. സ്വന്തം അധികാര പ്രമത്തതയുടെ ഇടങ്ങൾ (territory) ചോദ്യം ചെയ്യപ്പെടുമ്പോൾ ഭയപ്പെടുത്തലുകളും ഭീഷണികളും പിരിച്ചുവിടലും സാർവ്വത്രികമായ അനുഭവമാക്കി മാററാൻ കേരളത്തിലെ മതയാഥാസ്ഥിതിക മാനേജുമെൻറുകൾ ശ്രമം തുടങ്ങിയിരിക്കുന്നു എന്നത് നിസ്സാരമായി കാണേണ്ട ഒന്നല്ല. സെൻറ് ആൽബർട്സ് കോളജിലെ സെബാസ്ററ്യൻ ആൻറണി മാഷും ന്യൂമാൻ കോളജിലെ ടി.ജെ ജോസഫ് മാഷും ഉൾപ്പെടെ വലിയൊരു വിഭാഗം അധ്യാപകർ ഇന്ന് ഇരകളുടെ പട്ടികയിലേക്ക് രേഖപ്പെടുത്തിക്കൊണ്ടിരിക്കയാണ്. പലതരം ഭീകരവാദങ്ങൾ കൊണ്ട് സമ്പന്നമായ നമ്മുടെ രാജ്യത്തും സംസ്ഥാനത്തും എയ്ഡഡ് കോളജ് മേഖലയിൽ ഒരു പുതിയ ഭീകരവാദം പൊട്ടിമുളച്ചിരിക്കുന്നു.

ഇത് ഒട്ടും പുതിയതല്ലെങ്കിലും ഒരിക്കൽ കുഴിച്ചു മൂടിയ മാനേജ്മെൻറ് ഭീകരവാദത്തിൻെറ പുത്തൻ രൂപങ്ങളാണ് എന്ന് നമുക്ക് തിരിച്ചറിയാൻ സാധിക്കണം.

പഴയകാല മിഷണറി പ്രവർത്തനത്തിൻെറ മനുഷ്യമുഖമുള്ള ഇടപെടലുകൾ നമ്മുടെ വിദ്യാഭ്യാസമേഖലയിലുണ്ടാക്കിയ പുത്തണർവുകൾക്ക് ഒരു തുടർച്ച നൽകാൻ ശേഷിയുള്ളവരായിരുന്ന കേരളത്തിലെ മതസ്ഥാപനങ്ങളുടെ മുകളിലിരിക്കുന്നവർ. പക്ഷെ ഫിനാൻസ് മൂലധനം മതവ്യവഹാരങ്ങളിൽ ഇടപെട്ട് ലാഭക്കൊതി മുളപ്പിച്ചെടുത്തതിനുശേഷം തത്ത്വസംഹിതകളെല്ലാം ചുവരെഴുത്താവുകയും ദൈവികമായ കാഴ്ചപ്പാടുകളുടെ വിളക്കുകൾ അണയുകയും ചെയ്തു എന്നതാണ് വാസ്തവം.

ഈയൊരു സന്ദർഭത്തിൽ ഭൂതകാലത്തെയും വർത്തമാനകാലത്തെയും ബന്ധിപ്പിച്ചുകൊണ്ട് നമ്മൾ ചർച്ച ചെയ്യേണ്ട ഒരു പ്രധാനപ്പെട്ട പുസ്തകമാണ് ജോർജ്ജ് ഓണക്കൂർ രചിച്ച *എം.പി.പോൾ കലാപത്തിൻെറ തിരുശേഷിപ്പുകൾ* എന്ന ജീവചരിത്രഗ്രന്ഥം. കുടത്തിലടച്ചുവെച്ച ഭൂതങ്ങളെല്ലാം പുറത്തുചാടുന്ന സന്ദർഭങ്ങളിൽ പ്രതിരോധത്തിൻെറ കലാപവും കലാപത്തിൻെ ധാർമ്മികതയും ഒരു ചരിത്രയാഥാർത്ഥ്യമാക്കി മാററാൻ അധ്യാപകരെ പ്രാപ്തരാക്കുന്ന ജീവചരിത്ര ഗ്രന്ഥമാണിത്. നിലപാടുകളുടെ വളയാത്ത നട്ടെല്ലും അറിവിൻെറ ഉയർത്തിപ്പിടിച്ച ശിരസ്സും സംരക്ഷിക്കപ്പെടണമെങ്കിൽ സംഘടിച്ച് കൂടുതൽ ശക്തരാകേണ്ട വർത്തമാന സാഹചര്യമാണ് ഇന്ന് കേരളത്തിലെ എയിഡഡ് കോളജ് മേഖലയിൽ നിലനിൽക്കുന്നത്.

നീതി നിഷേധങ്ങൾക്കെതിരെ ശബ്ദിച്ചും പുതിയ സുവിശേഷം പ്രസംഗിച്ചും നിർഭയത്വത്തിൻെറയും മാനവികതയുടെയും പ്രതീകമായി നമുക്കിടയിൽ ജീവിച്ചിരുന്ന മനുഷ്യനായിരുന്നു എം.പി.പോൾ. യാഥാസ്ഥിതിക സാമൂഹ്യവ്യവസ്തയേ തകിടം മറിച്ചുകൊണ്ട് വിപ്ലവകരമായ ചിന്താപദ്ധതികൾക്ക് നേതൃത്വം നൽകിയ ക്രാന്ത ദർശിയായ അധ്യാപകനും എഴുത്തുകാരനുമായിരുന്നു എം.പി.പോൾ. പോളിൻെറ നൂറാം ജന്മവാർഷത്തിൽ പ്രസിദ്ധപ്പെടുത്തിയ പരിഷ്ക്കരിച്ച പതിപ്പാണ് 2004 ൽ പുറത്ത് വന്നിട്ടുള്ളത്.

യേശുക്രിസ്തുവിനെപ്പോലെ പീഡിപ്പിക്കപ്പെട്ട് കുരിശിൽ തറയ്ക്കപ്പെട്ട മനുഷ്യപുത്രനായിട്ടാണ് ഓണക്കൂർ എം.പി.പോളിനെ അവതരിപ്പിക്കുന്നത്. *സത്യവിശ്വാസികൾ നിദ്ര ചെയ്യുന്ന പള്ളിസെമിത്തേരിയുടെ കരിങ്കൽ കോട്ടയ്ക്കൽ പുറത്ത്, പടർന്ന കാടുകൾ വെട്ടിനീക്കി അന്ന് ആ മൃതദേഹം മറവ് ചെയ്തു. പുരോഹിതൻമാരോ പള്ളി പ്രധാനികളോ ഒന്നും ആ സന്ദർഭത്തിനു സാക്ഷ്യം വഹിച്ചില്ല. കുരിശും കുടയും അന്ത്യയാത്രയിൽ അകമ്പടി സേവിച്ചില്ല. പാപ സങ്കീർത്തനങ്ങളും ചരമ പ്രസംഗങ്ങളും അന്തരീക്ഷം അശുദ്ധമാക്കിയില്ല. അമ്മയായ ഭൂമി ദുഃഖിതയായി മനുഷ്യപുത്രൻെറ ശരീരം ഏററുവാങ്ങി മടിയിൽ കിടത്തി. മണ്ണിൻെറ മനസ്സിൽ ഇടിവാൾ കടന്നു.* ഇങ്ങനെയാണ് ആദ്യ അദ്ധ്യായത്തിൽ ഓണക്കൂർ തെമ്മാടിക്കുഴിയിൽ അടക്കിയ പോളിനെക്കുറിച്ച് പറയുന്നത്.

*നാൽപത്തിയെട്ടു സംവത്സരം ഈ മണ്ണിൽ മനുഷ്യനായി ജീവിച്ചു. സ്നേഹത്തിൻെറയും കാരുണ്യത്തിൻെറയും സമുജ്ജ്വല പ്രതീകം. അവൻെറ ശബ്ദം നീതിയുടെ കാഹളമായിരുന്നു. സത്യലോകം തേടിയായിരുന്നു യാത്ര. ഭയവും സ്വാർത്ഥതയും അവനെ തൊട്ടുതീണ്ടിയില്ല. ഒരിക്കലെങ്കിലും കാലുകൾ ഇടറുകയോ പാപത്തിൽ പതിക്കുകയോ ചെയ്തില്ല* - എം.പി പോളിനെക്കുറിച്ചുള്ള ഈ വാക്കുകൾ അധ്യാപകലോകം അക്ഷരാർത്ഥത്തിൽ അതിൻെറ അന്തസ്സത്തയോടു കൂടി ഉൾക്കൊള്ളേണ്ടതാണ്. അഭിമാനത്തോടെ കൊടിക്കൂറകളിൽ ആലേഖനം ചെയ്യേണ്ടതുണ്ട്.

സത്യത്തിനും നീതിക്കും സമതയ്ക്കും വേണ്ടിയുള്ള പോരാട്ടത്തിൻെറ വഴികൾ കഷ്ടപ്പാടുകളും ദുരിതങ്ങളും നിറഞ്ഞതാണ്. അധികാരം വേട്ടയാടിയ എത്രയോ പേർ ജീവിച്ചും മരിച്ചും ചരിത്രത്തിൽ സ്പന്ദിക്കുന്നുണ്ട്. അധികാരപ്രമത്തരായ പുരോഹിതന്മാർ നിരന്തരം അവനെ പീഡിപ്പിച്ചു. തങ്ങളുടെ നിധിശാലയിലെ ഒരു പണിയായുധം അത് അവകാശബോധത്തോടെ ശബ്ദിക്കുകയോ? ആ അപൂർവ്വ സ്വരം ശ്രമിച്ച് അരമനയുടെ അന്തപ്പുരങ്ങൾ ഇളകി. തീൻമേശയിലെ ലഹരിപാനീയങ്ങൾ പതഞ്ഞുപൊങ്ങി. തിന്നു മദിച്ചു മയങ്ങിയ ചെകുത്താൻ അലറി-

"അവനെ കുരിശിൽ തറയ്ക്കുക
അവനെ കുരിശിൽ തറയ്ക്കുക"

അങ്ങിനെ പീഢിപ്പിക്കപ്പെട്ട മനുഷ്യപുത്രൻെറ പേരായിരുന്നു മേനാച്ചേരിൽ പൗലോസ് പോൾ എന്ന ഓണക്കൂർ അടയാളപ്പെടുത്തുന്നുണ്ട്.

*മേനാച്ചേരിൽ പൗലോസ് പോൾ* എന്ന രണ്ടാമദ്ധ്യായത്തിൽ എം.പി.പോളിൻെറ അനന്യമായ വ്യക്തിസിവേശഷതകളെ അവതരിപ്പിക്കുന്നത് ഇങ്ങനെയാണ് *വാക്കുകളിൽ തളച്ചിടാൻ പററാത്ത മഹാപ്രതിഭാസം ധീരതയുടെ മുഴങ്ങുന്ന ശബ്ദമായിരുന്നു പോൾ. അനുസരിക്കാൻ വിധിക്കപ്പെട്ട കുഞ്ഞാടുകളായി മനുഷ്യരെ മുദ്രകുത്തിയ സാമുദായിക വ്യവസ്ഥ. അതിൻെറ അധർമ്മികളായ ആചാര്യന്മാർക്കെതിരെ ഏകനായി ആ നിഷേധി പടപൊരുതി. നഷ്ടപ്പെടുന്നതിനെക്കുറിച്ച് ചിന്തിക്കാതെ മനസ്സാക്ഷിയുടെ അനുശാസനത്തിനു കാതോർത്തു.*

*മരുഭൂമിയിലെ പരീക്ഷകൾ* എന്ന മൂന്നാം അദ്ധ്യായത്തിൽ *പുരോഗതിക്കെതിരെ* പുറം തിരിഞ്ഞു നിൽക്കുക എന്നത് ക്രിസ്തുമാർഗ്ഗം വെടിഞ്ഞ പള്ളി മതത്തെ പിന്തുടരുന്ന ദുർവ്വിധിയാണെന്ന് പറയുന്നുണ്ട്. അതി പ്രഗൽഭനെന്നു പേരെടുത്ത അധ്യാപകനായ പോളിനെ കോളജിന് വലിയ ആസ്ഥിയാവുമെന്ന് കരുതിയാണ് തൃശൂർ സെൻറ് തോമസ് കോളജധികൃതർ പോളിനെ ക്ഷണിച്ചു വരുത്തിയത്.

കാഴ്ചയിലും പെരുമാററത്തിലും പരമശാന്തനായ പോളിനെക്കുറിച്ച് *കൊഴിഞ്ഞ ഇലകളിൽ* ജോസഫ് മുണ്ടശ്ശേരിയും അനുസ്മരണ പ്രഭാഷണത്തിൽ പ്രൊഫ. പി.സി.ദേവസ്യയും വ്യക്തമാക്കിയിട്ടുണ്ട്. സെൻറ് തോമസ് കോളജിലെ അധ്യാപകരധികവും മാനേജ്മെൻറിൻെറ ദയാദാക്ഷിണ്യത്തിൽ ഒതുങ്ങിക്കഴിയുന്നവരായിരുന്നു. അവരുടെയിടയിൽ ധീരതയുടെ നാവായി നടുനിവർന്നുനിന്ന് സംസാരിക്കാൻ പോളിന് സംഘബലം ആവശ്യമായിരുന്നില്ല. ഹെഡ്ക്ലാർക്കിൻെറ മുന്നിൽ ഓച്ഛാനിച്ചുനിന്ന് ശമ്പളം വാങ്ങിയിരുന്ന മിണ്ടാപ്രാണികളായ സഹാധ്യാപകന്മാർക്ക് വഴിവെളിച്ചമായി പോളിൻെറ വാക്കുകൾ മാറുകയായിരുന്നു. *ഞങ്ങളുടെ കോളജ്, ഞങ്ങൾക്കിഷ്ടമുള്ളത് ചെയ്യും* എന്ന ശുംഭത്തരവും ധിക്കാരവുമായിരുന്നു മാനേജ്മെൻറിന്. ഇതുമാ

യി ബന്ധപ്പെട്ട് പോൾ മാനേജ്മെൻറുമായി നടത്തിയ കത്തിടപാടുകളും അതിൻെറ മറുപടിയുമെല്ലാം *The History of a 'cut'* എന്ന പേരിൽ ഈ പുസ്തകത്തിൽ അനുബന്ധമായി കൊടുത്തിട്ടുള്ളത് എല്ലാവരും വായിക്കേണ്ട അനുഭവങ്ങളാണ്.

നീതിയുടെ വാതിലുകൾ അടച്ചുപൂട്ടി ശ്വാസം മുട്ടിക്കാൻ ഒരുങ്ങിയ പുരോഹിതമേധാവിത്വത്തിന് കുടുംബജീവിതക്കാരുടെ വിഷമതകൾ ഉൾക്കൊള്ളാനുള്ള ഹൃദയവിശാലത ഉണ്ടായില്ല. അക്കാര്യം പറഞ്ഞു മനസ്സിലാക്കാൻ കടപ്പെട്ടവരൊക്കെ അധികാരി വർഗത്തിൻെറ മേശയിൽ നിന്നു വീഴുന്ന ഉച്ഛിഷ്ടത്തിനുവേണ്ടി വാപിളർന്നു; വാലാട്ടി, എന്നാണ് ജോർജ്ജ് ഓണക്കൂർ പറഞ്ഞുവെയ്ക്കുന്നത്.

കരാർ വ്യവസ്ഥകൾ സ്വന്തം നിലയിൽ ലംഘിക്കുക, നിവേദനം നടത്താവുന്നതാണെന്ന് നിർദ്ദേശിക്കുക, വ്യത്യസ്തപരിഗണന സാദ്ധ്യമല്ലെന്ന് വ്യക്തമാക്കുക, കത്തിലെ സ്വരം ശരിയായില്ലെന്ന് കുററപ്പെടുത്തുക, ആടിനെ പട്ടിയാക്കാനും പട്ടിയെപേപ്പട്ടിയാക്കാനും മടിക്കാത്ത പുരോഹിത മേലാളൻെറ ധാർഷ്ട്യത്തിനും അന്തസ്സാര ശൂന്യതക്കും മുന്നിൽ സ്വതന്ത്രചിന്തകനായ എം.പി.പോളിന് നിശ്ശബ്ദമായിരിക്കുവാൻ സാധ്യമായിരുന്നില്ല എന്ന് അദ്ദേഹത്തിൻെറ വാക്കുകളും നിലപാടുകളും പ്രശസ്തമായ കത്തുകളും വ്യക്തമാക്കുന്നു.

പോളിൻെറ പ്രശസ്തമായ History of a 'cut' എന്ന ലഘുലേഖ ആരംഭിക്കുന്നത് ഇങ്ങനെയാണ്.

'The 'axe'is abroad. It has been laid at the roots of cosy sinecures and princely salaries, Even starvation- Wages have been down will felt indiscriminateness, o, Economy how many crimes are committed in thy name!"

1932 ൽ എം.പി.പോൾ ഇതെഴുതുമ്പോൾ മൂലധന താത്പര്യങ്ങൾ എങ്ങിനെയാണ് മനുഷ്യത്വവിരുദ്ധമായ കുററകൃത്യങ്ങൾക്ക് അധികാരികളെ എന്നും പ്രലോഭിപ്പിക്കുന്നത് എന്നതിൻെറ ക്രാന്ത ദർശനമാണ് വെളിവാക്കുന്നത്. പോളിനും എല്ലാത്തരം പ്രലോഭനങ്ങളേയും സ്വീകരിച്ച് പിശാചിൻെറ വാക്കുകളെ സ്വീകരിക്കാമായിരുന്നു. പക്ഷെ പോളിന് പറയാനുണ്ടായിരുന്നത് ഇത്രമാത്രം *സാത്താനേ, നീ എന്നെ വിട്ടുപോവുക ദൈവമായ കർത്താവിനെയല്ലാതെ ഭൂമിയിലെ അവൻെറ സ്വയം രക്ഷകനെ ഞാൻ വണങ്ങുകയില്ല.* കലാപകാരിയായ അധ്യാപകൻെറ ധാർമ്മികത എന്നും സത്യത്തിനുവേണ്ടി മാത്രമായിരുന്നു. ക്രിസ്തു ചെയ്തതും അതുമാത്രമായിരുന്നു. ഒരേ തൂവൽപക്ഷികളായ സെൻറ്തോമസ് കോളജിലേയും ചങ്ങനാശ്ശേരി സെൻറ് ബർക്കുമെൻസ് കോളജിലെയും അധികാരികളിൽ നിന്ന് പോളിന് പീഢനങ്ങൾ മാത്രമാണ് ലഭിച്ചിരുന്നത്.

നാലാം അദ്ധ്യായം ആരംഭിക്കുന്നത് പോളിൻെറ പ്രശസ്തമായ ഒരു വാകൃത്തോടെയാണ് *മരിക്കാൻ പ്രയാസമില്ല; മനുഷ്യത്വത്തോടെ ജീവിക്കാനാണ് വിഷമം.* നാൽപ്പത്തെട്ടു വർഷം മാത്രം ദീർഘിച്ച പോളിൻെറ കുടുംബജീവിതം പ്രയാസം നിറഞ്ഞതായിരുന്നു. ഭാര്യയും ഒമ്പതുമക്കളുമടങ്ങുന്ന വലിയ കുടുംബത്തെ അസാമാന്യമായ കരുത്തോടെയാണ് ദുരന്തവഴികളിലൂടെ നടക്കുമ്പോഴും പോൾ സംരക്ഷിച്ചിരുന്നത്. മാനേജ്മെൻറിൻെറ ധനമൂലധനക്കൊഴുപ്പിനോട് പോൾ ഏററുമുട്ടുന്ന സന്ദർഭങ്ങളിൽ കുടുംബത്തിൻെറ പട്ടായം പിടിച്ച് ജീവിതത്തോണി മറിയാതെ കൊണ്ടു പോയത് മിസ്സിസ് പോളായിരുന്നു.

പോളിൻെറ മനുഷ്യത്വത്തെ വൈക്കം മുഹമ്മദ് ബഷീർ ഇങ്ങനെ അടയാളപ്പെടുത്തുന്നു.

"എം.പി.പോൾ ശ്രേഷ്ഠനായ മനുഷ്യനായിരുന്നു ശ്രേഷ്ഠനായ മനുഷ്യൻ. അദ്ദേഹത്തെ കൊലപാതകികളെയും കള്ളൻമാരെയും മുന്തി അറുപ്പൻമാരെയുംതീവെട്ടിക്കൊള്ളക്കാരായ നീചൻമാരെയും കുഴിച്ചിടുന്ന തെമ്മാടിക്കുഴിയിലാണ് കത്തോലിക്ക സഭ കബറടക്കിയതെന്ന് ഞാൻ കേട്ടു. പ്രപഞ്ചങ്ങളായ പ്രപഞ്ചങ്ങളെയെല്ലാം സൃഷ്ടിച്ച കരുണാമയനായ ദൈവത്തിൻെറ ഈഭൂമിയിൽ മനുഷ്യനെ എവിടെ കുഴിച്ചിട്ടാലും സംഗതി ഒന്നുതന്നെ. ദൈവം മനുഷ്യാത്മാവിൻെറ വില കൽപിക്കുന്നത്കുഴിച്ചിട്ട സ്ഥലത്തിൻെറ യോഗ്യത നോക്കിയല്ലല്ലോ"

(ബഷീർ സമ്പൂർണ്ണകൃതികൾ)

മതവിശ്വാസം ചൂഷണം ചെയ്ത് അധികാരം, പണം, പദവി തുടങ്ങിയ സ്വാർത്ഥ താത്പര്യങ്ങളെ താലോലിച്ച് നായാട്ടിൻെറ ആനന്ദത്തോടെയാണ് അവർ എം.പി.പോളിനെ ഇരയെ നേരിടുന്നപോലെ കെണിയിൽ പെടുത്തിയത്. പക്ഷേ ആ കാലമെല്ലാം കഴിഞ്ഞിരിക്കുന്നു. ജനാധിപത്യത്തിൻെറ അന്തസ്സ് നിലനിർത്തണമെങ്കിൽ തെമ്മാടി കുഴിയിൽ ഉറങ്ങുന്ന ഈ സിംഹത്തെ ഉചിതമായി, അന്തസ്സോടെ സംസ്കരിക്കാനുള്ള ബാധ്യത സാംസ്കാരിക കേരളത്തിനുണ്ട്. ഇത് സാംസ്കാരികമായ ഒരു വിപ്ലവപ്രവർത്തനമാണ്. പുരോഗമന ജീവിതവീക്ഷണമുള്ള, നേരിൽ വിശ്വസിക്കുന്ന എല്ലാവരും ഏററു പറയേണ്ടുന്ന സന്ദർഭമാണിത്; ബഹുമാനപ്പെട്ട എം.പി.പോൾ, പിശാചുക്കൾ കുഴിച്ചു മൂടിയ തെമ്മാടിക്കുഴിയിൽ നിന്നും നിങ്ങൾ പുനർജ്ജനിച്ചിരിക്കുന്നു. ഞങ്ങളുടെ ഹൃദയത്തിൽ ചിന്തയിൽ.... മുനയൊടിയാത്ത വാക്കിൻെറ മൂർച്ചയിലൂടെ നിങ്ങൾ നടത്തിയ ധാർമ്മിക കലാപത്തിന് ഇന്നും പ്രസക്തിയുണ്ട്. മാനേജ്മെൻറ് ഭീകരവാദം സകലമറകളും നീക്കി പുറത്തേക്കുവരുമ്പോൾ കരുത്തിൻെറ സ്മാരകമായി നിങ്ങൾ ഞങ്ങളുടെ കൂടെയുണ്ട് എന്ന് ആവർത്തിച്ചു പറയേണ്ടിയിരിക്കുന്നു.

സാഹിത്യകാരൻെറ മൗലികശബ്ദം പ്രതിലോമ ശക്തികൾക്ക് അസഹ്യമാണ്. സ്ഥാപിത താത്പര്യങ്ങളുടെ ഭീഷണിയിൽ വഴങ്ങാത്ത പ്രതിഭകൾക്കുമാത്രമേ കാലത്തിൻെറ നിയാമകശക്തിയായി പരിണമിക്കാൻ പററൂ എന്ന് *ദൈവത്തിൻെറ ശത്രുക്കൾ* എന്ന നാലാം അദ്ധ്യായത്തിൽ ഓണക്കൂർ പറയുന്നു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളിയെപ്പോലെ ഒരു പത്രാധിപർ പൊള്ളയായ സദാചാരബോധത്തെ നുള്ളിക്കീറിയ കേസരി ബാലകൃഷ്ണപിള്ള, മതവിരോധികളും ദൈവനിഷേധികളുമായി മുദ്രയടിക്കപ്പെട്ട എം.പി.പോൾ, ജോസഫ് മുണ്ടശ്ശേരി, പൊൻകുന്നം വർക്കി, എതിർപ്പിൻെറ തീനാളമായ കേശവദേവ് യുക്തിവാദിയായ കുററിപ്പുഴകൃഷ്ണപിള്ള, യാഥാസ്ഥിതിക ബ്രാഹ്മണ്യത്തെ ചെറുത്ത വി.ടി.ഭട്ടതിരിപ്പാട്, ധിക്കാരത്തിൻെറ കാതലായ സി.ജെ.തോമസ്, ഇവരെല്ലാം ധാർമ്മിക കലാപത്തിൻെറ പാഠപുസ്തകങ്ങളാണ്. ഇവരുടെ ജീവിതങ്ങളിൽ നിന്നും കൊളുത്തേണ്ട പന്തങ്ങൾ യാഥാസ്ഥിതിക അധികാര കേന്ദ്രങ്ങളെ ഭയപ്പെടുത്തുക തന്നെ ചെയ്യും.

എം.പി.പോളിനെ കുററം വിധിച്ച് തെമ്മാടിക്കുഴി

യിലെറിഞ്ഞവർ കാലത്തിന്റെ ചവറുകൊട്ടയിൽ അടിഞ്ഞപ്പോൾ എം.പി.പോൾ ഉയിർത്തെഴുന്നേൽക്കുകയായിരുന്നു. ഇരുപത്തിയാറാം വയസ്സിൽ, *നോവൽ സാഹിത്യത്തിലൂടെ* എന്ന നോവലെഴുത്തുകാരുടെ ബൈബിൾ രചിച്ചയാളാണ് പോൾ. *ചെറുകഥ പ്രസ്ഥാനത്തിലൂടെ* എന്ന ഗ്രന്ഥവും ജീവിക്കുന്ന സ്മാരകമാണ്.

*ചിന്തയുടെ നക്ഷത്രങ്ങൾ* എന്ന ഏഴാം അദ്ധ്യായം പോളിന്റെ സാഹിത്യ സപര്യയിലൂടെയുള്ള അന്വേഷണങ്ങളാണ്. *ഉയിർത്തെഴുന്നേൽപ്പിലൂടെ* സാഹിത്യത്തിലെ ഇടയനായിരുന്ന എം.പി.പോൾ, സി.ജെ.തോമസും പോളും തമ്മിലുള്ള ബന്ധത്തിന്റെ ഇടർച്ചയും തുടർച്ചയും കടലും കൊടുങ്കാറ്റും എന്ന അദ്ധ്യായത്തിൽ പറയുന്നുണ്ട്.

*തിരുശേഷിപ്പുകൾ* എന്ന അവസാന അദ്ധ്യായത്തിൽ ഓണക്കൂർ ഇങ്ങനെ പറയുന്നു. *മറവികളുടെ ഇരുട്ടിൽ നിന്ന് പോളിന്റെ തേജസ്സ് വെളിപ്പെടുത്താൻ എന്തിനാണ് ഇപ്പോൾ ഒരു ശ്രമം? ഇനിയും പോളുമാർ സൃഷ്ടിക്കപ്പെടണം അവരുടെ ദുരന്തങ്ങളിൽ നിന്ന് രസിക്കുന്നവർ പാലോക്കാരൻമാരും റോമിയോ തോമസുകളും മാത്രമല്ല അവരേക്കാൾ ഒക്കെ ഉയർന്നവർ, പുതിയ തലമുറയുടെ കടന്നു വരവിന് തടസ്സം സൃഷ്ടിക്കുന്നവർ അധികാരക്കൊതി മൂത്ത് സ്വർഗ്ഗത്തിന്റെ നീതിയെ അവഹേളിക്കുന്നവർ.*

അവരുടെ മോഹം പോലെ പോൾ മരിക്കുന്നില്ല. നീതിനിഷേധങ്ങൾക്കെതിരെ ശബ്ദിക്കാൻ, പുതിയ സുവിശേഷം പ്രസംഗിക്കാൻ അവൻ വീണ്ടും വരും. ആ ഉയിർത്തെഴുന്നേൽപ്പിൽ കാപട്യത്തിന്റെ മുഖം മൂടികൾ കൊഴിഞ്ഞു വീഴും. ദേവാലയത്തിലെ വിശുദ്ധ സ്ഥലം അശുദ്ധമാക്കിയവർ ചമ്മട്ടികൊണ്ട് അടികൊള്ളും. അവരുടെ നിധിപ്പുരകൾ ചവിട്ടിത്തുറന്ന് അവൻ വിധവകളേയും ദരിദ്രരേയും രക്ഷിക്കും.

അത്തരമൊരു കലാപത്തിന്റെ നാളേയ്ക്കായി പ്രാർത്ഥിച്ചുകൊണ്ടുള്ള ഉപാസനയും ഹൃദയാർപ്പണവുമാണ് ഈ പുസ്തകം എന്നാണ് ജോർജ്ജ് ഓണക്കൂർ ഉപസംഹരിക്കുന്നത്.

കേരളത്തിലെ സ്വകാര്യകോളജ് മാനേജ്മെന്റുകൾ സർക്കാരിന്റേയും യു.ജി.സി.യുടെയും ധനസഹായം കൊണ്ട് കെട്ടിപ്പൊക്കിയിരിക്കുന്ന ആസ്ഥികൾക്ക് ജനകീയമായ ചരിത്രമാണുള്ളത്. സാധാരണ മനുഷ്യർ സംഭാവന ചെയ്ത ഭൂമിയിലാണ് പല കോളജുകളും സ്ഥിതിചെയ്യുന്നത്. എന്നിട്ടും എല്ലാം വെല്ലുവിളിച്ചുകൊണ്ട് മൂലധനത്തിന്റെ പത്തായപുരക്ക് കാവൽ നിൽക്കുന്നവർക്ക് എന്തു ഹുങ്കാണ്. ആധുനിക ജനാധിപത്യ കാലാവസ്ഥയിലും മനുഷ്യനെ പച്ചയോടെ ചുട്ടുകരിക്കുന്ന മധ്യകാല ഓർത്തഡോക്സ് ചിന്തകൾക്ക് കേരളത്തിലും നേരവകാശികൾ ഉണ്ടെന്നാണ് വാർത്തകളും കാഴ്ചകളും ഓർമ്മപ്പെടുത്തുന്നത്. ഇവിടെ മൂല്യങ്ങൾ സംരക്ഷപ്പെടണമെങ്കിൽ, അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെങ്കിൽ, അന്തസ്സോടെ ജീവിക്കണമെങ്കിൽ, മാനേജ്മെന്റ് ഭീകരവാദത്തിനെതിരെ മനുഷ്യത്വത്തെ ഉയർത്തിപ്പിടിക്കുന്ന ധാർമ്മിക കലാപങ്ങളും പോരാട്ടങ്ങളും അനിവാര്യമായിത്തീരുന്നു. ഈയൊരു മഹത്തായ അറിവിനെ പുനരുൽപ്പാദിപ്പിച്ച്കൊണ്ടിരിക്കുന്ന സിരകളിൽ അഗ്നിപടർത്തുന്ന ജീവചരിത്ര ഗ്രന്ഥമാണ് ഓണക്കൂർ എഴുതിയ *എം.പി.പോൾ, കലാപത്തിന്റെ തിരുശേഷിപ്പുകൾ* എന്ന ഈ പുസ്തകം.

കവിത

**ബി. ഭുവനേന്ദ്രൻ**
*എസ്. എൻ. കോളജ്, കൊല്ലം*



# നീർമണിക്കാലം

ഒരു ക്രൂരനക്കത്തച്ചരന്റെ മേലിപ്പൊഴു
മിടിവെട്ടിനിൽപതാണെന്റെ സ്വപ്നം
ഒരു നിണച്ചാലിൽ നിരാശ്രയം നിൽക്കും
വിറയ്ക്കുന്ന വാക്കിലാണെന്റെ ശാന്തി.
മഷിത്തെയ്യമാടും മനസ്സിൻ കലക്കം
വരയ്ക്കുന്നതൊക്കെക്കിരാതന്റെ ചിത്രം.
കറുത്തോടപോലാഴിനാറുന്നകാലം
ക്രിമിക്കുത്തിലോളം നിലയ്ക്കുന്നതീരം
നിലാത്തുമ്പിലൂറും വിഷം തിന്നു നിൽക്കും
നിഷാദന്റെ ദാഹം നിലയ്ക്കാത്ത ഗ്രീഷ്മം
ജ്വലിക്കുന്ന നേത്രം നെരിപ്പോടു പോലെ
തളിർത്തുമ്പിലാടും പുഴുക്കുടു ലോകം.
വിറയ്ക്കുന്ന ഭൂമിക്കുമിനിയെത്ര കാലം
വിട ചൊല്ലുവാനായ് കൊതിക്കുന്നു ഭൂമി
തക്ഷകക്കീടം ഫണം വച്ചു വീർത്തുവന്ന
ക്ഷരകൈകൾ മുറിക്കുന്ന കാലം
ശിരസ്സററു വീഴുന്നു ബുദ്ധനെൻ ക്രിസ്തുവും
ചിരിക്കുടുകത്തി കറുക്കുന്നിതെല്ലാം
നിനക്കില്ലരക്ഷയ്ക്ക് കൃഷ്ണന്റെ ഗീതം
നിലയ്ക്കുന്നു സർവ്വം കലങ്ങുന്നു കാലം
ശകടാസുരൻ പുകക്കെണിവച്ചു നിൽക്കും
നിരത്തിൽ നിരാലംബമുഴറുന്നു കൃഷ്ണൻ
അർബുദം പൂക്കുന്ന വൃക്ഷത്തലപ്പിൽ
കൊടിക്കൂറകെട്ടിക്കയർക്കുന്നു കൃഷ്ണൻ
കയമില്ലകാളിയ ഫണമേറി നിൽക്കാൻ
കരയേറിയിഴയുന്നിരുട്ടിൽ ഫണീന്ദ്രൻ
ഗോപാലരെവിടെയാ ഗോക്കളും പിന്നെ
ഗോപികാവൃന്ദവും തിരയുന്നുനിന്നെ
തെരുവിലോ, നിന്നെയും ശീതികരിച്ച
വെൺപെട്ടിയിലവയവ ചന്തയിൽ വച്ചുവോ?
കാതിലേയ്ക്കല്ലനീ, ചോരയായ് വൃക്കയായ്
അന്യരാജ്യങ്ങളിൽ ഗീതയോതുന്നത്
പൊള്ളുന്ന സംഗരഭൂമിയിൽ നിൽക്കുന്ന
നിൻ സഖാവിപ്പൊഴും മാർഗ്ഗം മറന്നവൻ
വാണിഭചന്തയിൽ പിന്നെയും വിൽക്കുന്നു.
പുല്ലാങ്കുഴലുമീ ഗാനവും ഗീതയും
നീർമണിക്കാലമിത് കണ്ണീർക്കുടന്നയിൽ
വീഴുന്ന ഭൂമിയുടെ ചരിതമൊരു മൗനമായ്.

**കെ.എസ്.ജയചന്ദ്രൻ**
*എസ്.കെ.വി.കോളജ്, തൃശ്ശൂർ*
*കൺവീനർ, എ.കെ.പി.സി.ടി.എ. സർവ്വീസ്സെൽ*



# യു.ജി.സി.റെഗുലേഷൻ 2010 **അധ്യാപക പ്രൊമോഷൻ**

പുതുതായി നിയമനം ലഭിക്കുന്ന അധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത, പ്രൊമോഷൻ സമയത്ത് നേടേണ്ടതായിട്ടുള്ള അധികയോഗ്യത, അധ്യാപകരുടെ ജോലിഭാരം, പ്രവൃത്തി ദിവസങ്ങൾ തുടങ്ങിയവ സംബന്ധിച്ചുള്ള റെഗുലേഷൻെറ അവസാന രൂപം 2010 ജൂൺ 30 ന് യു.ജി.സി. പ്രസിദ്ധീകരിക്കുകയുണ്ടായി. റെഗുലേഷനിൽ ഗൗരവമായ വില അപാകതകൾ കടന്ന് കൂടിയിട്ടുണ്ടെന്ന് വ്യാപകമായ ആക്ഷേപം ഉയർന്ന് വന്നതുകൊണ്ട് അതിനെപ്പററി പഠിക്കാനും അപാകതകൾ തിരുത്താനും ഒരു കമ്മിററിയെ യു.ജി.സി നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിററിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള പരാതികൾ പരിഹരിച്ചതിന് ശേഷം മാത്രമേ റെഗുലേഷൻെറ ഔദ്യോഗിക വിജ്ഞാപനം ഉണ്ടാവുകയുള്ളു. റെഗുലേഷൻ കേന്ദ്ര ഗവൺമെൻറ് ഗസററിൽ പ്രസിദ്ധീകരിച്ചാൽ മാത്രമേ അതിന് നിയമ പ്രാബല്യം ലഭിക്കുകയുള്ളു. ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്ന റെഗുലേഷൻെറ അവസാനരൂപത്തിന് കാതലായ മാററങ്ങൾ പ്രതീക്ഷിക്കുന്നില്ല

2010 യു.ജി.സി റെഗുലേഷന് 31.12.2008 മുതൽ മുൻകാല പ്രാബല്യം കൊടുക്കുന്നു എന്നുള്ളതാണ് ഇതിനെതിരായി ഉന്നയിക്കപ്പെട്ട പ്രധാന ആക്ഷേപം. സാധാരണ രീതിയിൽ ഒരു നിയമ നിർമ്മാണത്തിനും മുൻകാല പ്രാബല്യം കൊടുക്കാറില്ല. ഇത്തരത്തിൽ 2010 റെഗുലേഷന് 31.12.2008 മുതൽ മുൻകാല പ്രാബല്യം കൊടുത്താൽ അതിന് ശേഷം പ്രൊമോഷൻ ലഭിച്ച അധ്യാപകർക്ക് ബുദ്ധിമുട്ടുകൾ നേരിടും. എന്നിരുന്നാലും, 2010 റെഗുലേഷന് അത് പ്രസിദ്ധീകരിച്ച തീയതിയായ 30.6.2010 മുതൽക്കേ പ്രാബല്യം കൊടുക്കുകയുള്ളൂവെന്ന് യു.ജി.സി ഉറപ്പ് നൽകിയതായി മനസ്സിലാക്കുന്നു. അങ്ങനെയാണെങ്കിൽ 30.6.2010 ന് മുമ്പ് അർഹമായ എല്ലാ പ്രമോഷനുകളും നിലവിലുണ്ടായിരുന്ന 2000 യു.ജി.സി റെഗുലേഷൻെറ അടിസ്ഥാനത്തിൽ കൊടുക്കാവുന്നതാണ്. 30.6.2010 ന് ശേഷം വരുന്ന പ്രമോഷനുകൾക്ക് മാത്രമേ പുതിയ 2010 റെഗുലേഷൻെറ നിബന്ധനകൾ അനുസരിക്കേണ്ടതായിട്ടുള്ളൂ. 2010 യു.ജി.സി റെഗുലേഷനിൽ പ്രൊമോഷനെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് പരിശോധിച്ചുനോക്കാം

അക്കാദമിക് പെർഫോമെൻസ് ഇൻഡിക്കേററുകടെ (API)അടിസ്ഥാനമാക്കിയുള്ള പെർഫോമെൻസ് ബെയ്സ്ഡ് അപ്രൈസൽ സിസ്ററം ആണ് പ്രൊമോഷനും നേരിട്ടുള്ള നിയമനത്തിനും 2010 യു.ജി.സി. റെഗുലേഷനിൽ സ്വീകരിച്ചിരിക്കുന്നത്. API സ്കോറുകൾ ആർജ്ജിക്കുന്നതിനും PBAS റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുമുള്ള മാതൃകകൾ യു.ജി.സി.യുടെ വെബ്സൈററിൽ (www.ugc.ac.in) ലഭ്യമാണ്. വിവിധ ഇനങ്ങളിൽ API സ്കോറുകൾ സമ്പാദിക്കുന്നതിനെക്കുറിച്ചുള്ള വിശദാംശങ്ങൾ 2010 റെഗുലേഷൻെറ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഒരു തസ്തികയിൽ നിന്ന് അടുത്ത തസ്തികയിലേക്ക് സ്ഥാനക്കയററം ലഭിക്കുന്നതിന് നിശ്ചിത എണ്ണം പ്രസിദ്ധീകരണങ്ങൾ വേണമെന്ന് റെഗുലേഷനിൽ നിഷ്കർഷിച്ചിട്ടുണ്ട്. അസ്സോസിയേററ് പ്രൊഫസ്സറാകുന്നതിന് പി.എച്ച്.ഡി ഉള്ളവർക്ക് ചുരുങ്ങിയത് ഒരു പ്രസിദ്ധീകരണവും, എം.ഫിൽ ഉള്ളവർക്ക് ചുരുങ്ങിയത് രണ്ടും മററുള്ളവർക്ക് ചുരുങ്ങിയത് മൂന്നും പ്രസിദ്ധീകരണങ്ങൾ ആവശ്യമാണ്. പ്രൊഫസ്സറായി സ്ഥാനക്കയററം ലഭിക്കുന്നതിന് ചുരുങ്ങിയത് അഞ്ച് പ്രസിദ്ധീകരണങ്ങൾ ആവശ്യമാണ്. അസിസ്ററൻറ് പ്രൊഫസറുടെ ഒരു ഘട്ടത്തിൽ നിന്ന് അടുത്ത ഘട്ടത്തിലേക്ക് മാറുന്നതിന് പ്രസിദ്ധീകരണങ്ങൾ നിർബന്ധമാക്കിയിട്ടില്ല. NAAC അക്രഡിറേറഷൻെറ ഭാഗമായി കോളജുകളിൽ പ്രവർത്തിക്കുന്ന IQAC ആയിരിക്കണം PBAS പ്രൊഫോർമ തയ്യാറാക്കുന്നതിനുള്ള രേഖകൾ സൂക്ഷിച്ച് വെക്കേണ്ടത് എന്ന് റെഗുലേഷൻ

വ്യവസ്ഥ ചെയ്തിട്ടുണ്ട്.

വിവിധ പ്രൊമോഷനുകളുടെ സമയത്ത് അധ്യാപകർ API സ്കോറുകൾ ആർജ്ജിക്കേണ്ടത് മൂന്ന് വിഭാഗങ്ങളിലാണ്. അധ്യാപനവും മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ടതാണ് ഒന്നാമത്തെ വിഭാഗം. വിജ്ഞാപന വ്യാപനവും (Extension) പ്രൊഫഷണൽ ഡെവലപ്മെന്റുമായി ബന്ധപ്പെട്ടതാണ് രണ്ടാമത്തെ വിഭാഗം. ഗവേഷണവും അക്കാദമിക് രംഗത്തെ അധ്യാപകന്റെ സംഭാവനകളുമായി ബന്ധപ്പെട്ടതാണ് മൂന്നാമത്തെ വിഭാഗം.

2010 ൽ ലഭിക്കേണ്ട പ്രൊമോഷനുകൾക്ക് 2009-10 അക്കാദമിക് വർഷത്തെ API സ്കോറുകൾ മാത്രമേ കണക്കിലെടുക്കേണ്ടതുള്ളൂ. 2011 ൽ ലഭിക്കേണ്ട പ്രൊമോഷന് 2009-10, 2010-11 എന്നീ രണ്ട് വർഷങ്ങളിലെ ശരാശരി സ്കോറുകളാണ് കണക്കിലെടുക്കുക. മുൻ വർഷങ്ങളിലെ API സ്കോറുകളുടെ ആകെത്തുകയാണ് മൂന്നാമത്തെ വിഭാഗത്തിൽ കണക്കാക്കേണ്ടത്.

പ്രൊമോഷൻ ലഭിക്കേണ്ട തീയതിക്ക് മൂന്ന് മാസം മുമ്പേതന്നെ PBAS പ്രൊഫോർമ പൂർത്തിയാക്കി കോളജുകളിൽ സമർപ്പിക്കാം. ആറുമാസത്തികം പ്രൊമോഷൻ നടപടികൾ കോളജ് പൂർത്തിയാക്കണം.

അസിസ്റ്റന്റ് പ്രൊഫസ്സർ ഒന്നാം ഘട്ടത്തിൽ നിന്ന് രണ്ടാം ഘട്ടത്തിലേക്കും അവിടെ നിന്ന് മൂന്നാം ഘട്ടത്തിലേക്കും പ്രൊമോഷൻ ലഭിക്കുന്നതിന് ഒരു സ്ക്രീനിംഗ് കമ്മിറ്റിയുടെ ശുപാർശ ആവശ്യമാണ് കോളജിന്റെ പ്രിൻസിപ്പലും, ബന്ധപ്പെട്ട വകുപ്പ് മേധാവിയും വൈസ്ചാൻസലർ നിയോഗിക്കുന്ന രണ്ട് സബ്ജക്ട് എക്സ്പേർട്ടുകളും ചേർന്നതാണ് സ്ക്രീനിംഗ് കമ്മിറ്റി. ആവശ്യമായ API സ്കോറുകൾ ഉണ്ടെങ്കിൽ പ്രമോഷന് വേണ്ടി സ്ക്രീനിംഗ് കമ്മിറ്റി ശുപാർശ ചെയ്യും.

എന്നാൽ അസിസ്റ്റന്റ് പ്രൊഫസ്സറിൽ നിന്ന് അസ്സോസിയേറ്റ് പ്രൊഫസ്സർ ആകുന്നതിനും അതിനുശേഷം പ്രൊഫസ്സർ ആകുന്നതിനും നേരിട്ടുള്ള നിയമനത്തിന് നിർദ്ദേശിച്ചിട്ടുള്ള സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശ ആവശ്യമാണ്. API സ്കോറുകളുടെ അടിസ്ഥാനത്തിലും സെലക്ഷൻ കമ്മിറ്റിയുടെ മുമ്പാകെയുള്ള കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിലുമായിരിക്കും പ്രൊമോഷനുള്ള ശുപാർശ യൂണിവേഴ്സിറ്റിക്ക് നൽകുക. പ്രൊഫസ്സർ ആകുന്നതിന് പി.എച്ച്.ഡി അനിവാര്യമാണെന്ന് റെഗുലേഷനിൽ ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്.

വിവിധ ഘട്ടങ്ങളിലുള്ള പ്രൊമോഷനുകൾക്ക് വേണ്ടി സമ്പാദിക്കേണ്ട ചുരുങ്ങിയ API സ്കോറുകളുടെ താഴെ കൊടുക്കുന്നു.

| വിഭാഗം | അസി.പ്രൊഫസ്സർ ഘട്ടം I ൽ നിന്ന് II ലേക്ക് | അസി.പ്രൊഫസ്സർ ഘട്ടം II ൽ നിന്ന് III ലേക്ക് | അസി.പ്രൊഫസ്സർ ഘട്ടം III ൽ നിന്ന് അസ്സോ.പ്രൊഫസ്സർ | അസോ.പ്രൊഫസ്സറിൽ നിന്നും പ്രൊഫസ്സർ |
|---|---|---|---|---|
| I അധ്യാപനം | വർഷം 75വീതം | വർഷം 75 വീതം | വർഷം 75 വീതം | വർഷം 75 വീതം |
| II വിജ്ഞാപനം | വർഷം 15 വീതം | വർഷം 15 വീതം | വർഷം 15 വീതം | വർഷം 15 വീതം |
| I+II | വർഷം 100 വീതം | വർഷം 100 വീതം | വർഷം 100 വീതം | വർഷം 100 വീതം |
| III: ഗവേഷണം | വർഷം 5 വീതം (ആകെ 20) | വർഷം 10 വീതം (ആകെ 50) | വർഷം 15 വീതം (ആകെ 45) | വർഷം 20 വീതം (ആകെ 60) |
| വിദഗ്ധ വിലയിരുത്തൽ | സ്ക്രീനിംഗ് കമ്മിറ്റി | സ്ക്രീനിംഗ് കമ്മിറ്റി | സെലക്ഷൻ കമ്മിറ്റി | സെലക്ഷൻ കമ്മിറ്റി |
| വെയിറ്റേജ് | - | - | 20: ഗവേഷണം<br>60: അധ്യാപനം<br>20: കൂടിക്കാഴ്ച | 30:ഗവേഷണം<br>50: അധ്യാപനം<br>20:കൂടിക്കാഴ്ച |

യു.ജി.സി റെഗുലേഷനിലെ വ്യവസ്ഥകൾ അതത് യൂണിവേഴ്സിറ്റികളിലെ റെഗുലേഷനുകളിലേക്ക് കൂട്ടിചേർക്കേണ്ടതുണ്ട്. അപ്പോൾ പ്രാദേശികമായ ചില്ലറ മാറ്റങ്ങൾ റെഗുലേഷനിൽ ഉണ്ടാകാൻ സാധ്യതയുണ്ട്.

**പ്രൊഫ. കെ. എസ്. ജയചന്ദ്രൻ**
മേഘന, മണ്ണുത്തി പി.ഒ., തൃശ്ശൂർ- 680 651,
ഫോൺ: 0487-2371971, 9447308697

## GOVERNMENT OF KERALA

Abstract

DA ARREARS — CREDITING TO PF ACCOUNTS — TIME LIMIT EXTENDED - ORDERS ISSUED

FINANCE (PAY RESEARCH UNIT) DEPARTMENT

G. O. (P) No. 464/2010/Fin. Dated, TMruvananthapuram, 27th August, 2010.

Read:-
(I) G. O. (P) No. 220/08/Fin. dated 22-5-2008
(2) G. O. (P) No. 38/09/Fin. dated 17-1-2009
(3) G. O. (P) No. 211/09/Fin. dated 2-6-2009
(4) G. O. (P) No. 512/09/Fin, dated 18-11-2009
(5) G: O. (P) No. 395/09/FiiL dated 18-6-2009.

### ORDER

The time limit for crediting arrears of DA to the PF Account of the employees allowed as per G.O. read as 3rd and 4th papers above, expired on December 2009 and May 2010 respectively. The time limit extended for crediting the DA arrears sanctioned with effect from 1-1-2008 and 1-7-2008 as per Government Order read as 5th paper above has also expired on 31-12-2009.

Several requests are being received from various Heads of Institutions and individuals seeking extension of time for crediting the arrears of DA to the PF Account.

Government have examined the requests and are pleased to order that the time limit for crediting the arrears of DA sanctioned from 1-1-2008, 1-7-2008, 1-1-2009 and 1-7-2009 to the PF Account of employees will be extended up to 19-11-2010. The DA arrears can be claimed in the salary bill up to November 2010 and credited to PF Account without fail.

By order of the Governor,
T. S. SHEEJA,
Joint Secretary (Finance)

നിവേദനം

# AIFUCTO

ALL INDIA FEDERATION OF UNIVERSITY & COLLEGETEACHERS' ORGANISATIONS
(Regd. Under Act XXI of 1860)

To
Hon'ble Prof S.P. Thyagarajan,
Chairman,Anomaly Committee, U.G.C. Regulations, 2010,
University Grants Commission, New Delhi.

Subject: U.G.C. Regulations 2010 : Rectification of Anomalies

Sir,

The National Executive of the AIFUCTO which met on 14-08-10 analysed the UGC Regulations dated 30-06-10 and decided to request you to make appropriate changes in the Regulations.

i) We wish to point out that the Regulations should be prospective not only in letter and spirit but also in effect. Hence We wish to state that it cannot be retrospective from 31-12-2008 for the award of Career Advancements as stated in the Regulations.

ii) In section 6.3.1 it is stated 'Further in order to avoid any hardships candidates who fulfill all other criteria mentioned in these Regulations as on 31-12-2008 and till the date on which these Regulations is notified can be considered for promotion from the date on or after 31 -12-2008 on which they fulfill these eligibility conditions provided as mentioned above'.

The UGC itself has communicated that pending issue of the new Regulations.teachers could be awarded CAS as per the old Regulations ie the Regulations-2000.

Some State Governments/Universities/ Colleges have not implemented that letter because of bureacratic delays.

Hence we request you to clarify that all CAS upto that of Professors and Associate Professors in universities and colleges shall be given automatically for those who were promoted to Readers/ Selection Grade Lecturers as per the old Regulations as and when they complete 6 and 3 years respectively from the date of placement as Readers/Selection Grade Lectures.

iii) In the MHRD Notification dated 31 -12-2008, which forms part of the UGC Regulations -2010, Section 2(a) (xi) states that 'Readers/ Lecturers (Selection Grade) in service at present shall continue to be designated as Lecturer (Selection Grade) or Readers as the case may be, until they are placed in the Pay Band of 37,400 - 67000 and redesignated as Associate Professor in the manner as described in (x) above. It is clear that Readers/ Lecturers (SG) as on 31 -12-2008 would be automatically placed in the Pay Band IV as and when they completed 3 years. This clause is differentiated from clause (xii) which

speaks about Assistant Professors completing 3 years of teaching in the AGP of Rs 8000 shall be eligible subject to other conditions that may be prescribed by the UGC.

But in some States section 2(a) (xi) has not been implemented as they are confusing it with Section 2(a) (xii).

iv) We welcome the changes incorporated in the eligibility conditions about PhD in the 'concerned/ allied/relevant disciplines'. But in page 71 section 9.1 of the Regulations with regard to incentives for PhD. it is still Ph.D awarded in a relevant discipline.

Hence We request you to issue necessary clarification that incentive increments could be awarded for Ph.D in the concerned/allied/relevant and interdisciplinary works, v) The Section 2.8.0 of 4-4-2000 regulation reads as follows

"If the number of years required in a feeder cadre are less than those stipulated in this notification, thus entailing hardship to those who have completed more than the total number of years in their entire service for eligibility in the cadre, may be placed in the next higher cadre after adjusting the total number of years".

Similar clause should be included in the present Regulations, 2010

In the draft regulations this clause was there in 9.2.2. Such clause is very necessary for those in Lecturer (SS) as on 1-1-2006. All those who were appointed between 1996 and 2000 (with M.Phil) were fixed at Rs,7,000/- AGP on 1-1-2006. They have to be fixed at Rs.8,000/- AGP as and whea they com-plete 10 years of Service from the date of appointment. Otherwise there is a danger of fixing all of them at the AGP of Rs.7,000/- on 1 -1 -2006 and promoting them to Rs.8,000/- AGP uniformly only on 2011 (after the completion of 5 years). Then they can move into Associate Professor only in 2014. **Hence this is most urgent and very necessary.**

vi) We have pointed out the necessity to appreciate the difference between the selection and screen-ing processes. Selection is required only where elimination is an imperative, where the number of avail-able posts is less than the number of candidates contesting for the post, as in the case of direct recruit-ment. But the Regulations stipulate that even for the teachers would have to appear before the selection committee. It is CAS aquired after a period of service and after fulfilling certain conditions. What is re-quired is just a screening to find out if a teacher has fulfilled certain academic and resaerch conditions. Imposing a selection for CAS may be utilised by unscrupulous managements to deny rather than award Associate professorship to eligible teachers

vii) We had pointed out the anomaly of a junior drawing higher salary than the seniors with respect to PhD holders. An Associate Professor who aquires PhD after 1-1-2006 will get 3 increments more than those who got PhD before 1 -1 -2006. The UGC Regulations-2000 rectified this anomaly by providing for 2 advance increments whenever a PhD holder moved into the selection grade. The UGC Regulations-2010 should also provide for the sanction of 3 increments as and when they are placed at the Associate Profes-sorship.

viii) In 8(n) (page 89) of the Regulations 2010, anomalies of the last PRC found place without any specific recommendation.

As the UGC has committed to the Kerala High Court and as the MHRD Notifcation dated 31-12-2008 has also directed the UGC to take it up, we request that CAS should be awarded from 01 -01 -1996.

ix) We request that there should be complete parity among teachers, Librarians and Physical Direc-tors in matters of Career Advancement and leave rules.

x) In the Regulations 2000, there was a clause that for appointment of Principals, for those in the existing university system, the minimum of 55% of marks would not be insisted upon.Similar clause should be included in the new Regulations.

xi) We also request that those who have been appointed after 01 -01 -2004 should also be eligible for the Assured pension scheme and must not be covered by the Contributory Pension Scheme. Neverthe-less, we wish to point out, as we have been pointing out on many an occasion, that quantifying academic performance will never improve quality in teaching, research and exension. We believe that accountabilty of teachers cannot be ensured by imposing a set of rigid and arbitrary norms. The basic contradictions in the draft Regulations measuring academic quality in terms of quantity, academic inputs in terms of mon-etary input, of privileging the global over the local and of equationg standards with standardisation have not been addressed in the.Regulations.

xii) Govemement should also provide central assistance to all those posts existing/ created and filled by the State governments on or after 01 -01 -2006.

We request you to pass early orders so that teachers may not be put to any hardships. Thank you.

Yours sincerely

Ashok Barman
General Secretary

# ഡോക്ടറേറ്റ്



കാലിക്കറ്റ് സർവകലാശാലയിൽ നിന്നും കോമേഴ്സിൽ ഡോക്ടറേറ്റ് ലഭിച്ച ചേളന്നൂർ എസ്. എൻ. കോളജ് അധ്യാപകൻ **കെ. ശശിധരൻ.** *A study of Equity Culture in Kerala* എന്ന വിഷയത്തിൽ കാലിക്കറ്റ് സർവ്വകലാശാലയിലെ ഡോ.കെ.പി. മുരളീധരൻെറ മേൽനോട്ടത്തിലായിരുന്നു ഗവേഷണം



*Marshall- Olktn Distributions & Minification Processes* എന്ന വിഷയത്തിൽ എം.ജി. സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ അമലഗിരി ബി.കെ. കോളജ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം അധ്യാപിക **ആൻസി ജോസഫ്.** പാലാ സെൻറ്തോമസ് കോളജ് പ്രിൻസിപ്പാൾ ഡോ.കെ.കെ. ജോസഫിൻെറമേൽനോട്ടത്തിലായിരുന്നു ഗവേഷണം.

കൊച്ചിൻ സർവ്വകലാശാലയിൽ നിന്ന് കോമേഴ്സിൽ ഡോക്ടറേറ്റ് നേടിയ മാന്നാനം കെ. ഇ. കോളജ് അധ്യാപകൻ **ആൻറണി തോമസ്.** *Personal Finance of Gulf-Returned Keralaites.* എന്ന വിഷയത്തിൽ കൊച്ചിൻ സർവ്വകലാശാലയിലെ ഡോ.പി.ആർ. വിത്സൻെറ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



കാലിക്കറ്റ് എൻ. ഐ .ടി.യിൽ നിന്നും ആർകിടെക്ച്ചറിൽ ഡോക്ടറേറ്റ് ലഭിച്ച ടി.കെ.എം. എഞ്ചിനീയറിംഗ് കോളജ് അധ്യാപകൻ **എ. എസ്.ദിലി.** *പ്ലാസിവ് കൺട്രോൾ സിസ്ററം ഓഫ് കേരള ട്രഡീഷണൽ ആർക്കിടെക്ച്ചർ* എന്ന വിഷയത്തിലായിരുന്നു ഗവേഷണം.



എം.ജി സർവ്വകലാശാലയുടെ കീഴിലുള്ള കോളജുകളിലെ നാഷണൽ സർവ്വീസ് സ്കീം യൂണിററുകളിൽ നിന്നും 2009-10 വർഷത്തെ ഏററവും മികച്ച എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർക്കുള്ള സർവ്വകലാശാല അവാർഡ് ലഭിച്ച തലയോലപ്പറമ്പ് ദേവസ്വംബോർഡ് കോളജ് സ്ററാററിസ്ററിക്സ് വിഭാഗം മേധാവി **ഡോ.പി.പി.ചന്ദ്രശേഖരപിള്ള** എ.കെ.പി.സി.ടി.എയുടെ കോട്ടയം ഇടുക്കി ജില്ലാ പ്രസിഡൻറാണ്.





പത്തനംതിട്ട കത്തോലിക്കേററ് കോളജ് ഫിസിക്സ് വിഭാഗം അധ്യാപകൻ **പ്രൊഫ. തോമസ് ജോൺ** നിര്യാതനായി.

***എ.കെ.പി.സി.ടി. എ.യുടെ ആദരാഞ്ജലികൾ***

R.No. 36025/81
No. 225

KERALA PRIVATE COLLEGE TEACHER

Registered No. KL/TV (N)35/2009-2011
Rs. 11/-
OCTOBER 2010

# AIFUCTO

ALL INDIA FEDERATION OF UNIVERSITY & COLLEGE TEACHERS' ORGANISATION

# ACADEMIC CONFERENCE & NATIONAL SEMINAR

*Restructuring Privatisation of Higher Education in India*
*Inclusiveness and Access*

**2010 NOVEMBER 19 -21**

**AT JALGAON, MAHARASHTRA**

## THE KERALA STATE HIGHER EDUCATION COUNCIL
## HIGHER EDUCATION SCHOLARSHIP SCHEME




ഉന്നത വിദ്യാഭ്യാസരംഗത്തെ സാമൂഹ്യ നീതിയ്ക്കായി
ഇടതുപക്ഷ സർക്കാരിൻെറ ശ്രമങ്ങളെ പിന്തുണയ്ക്കുക.

**കേരള സ്റ്റേററ് ഹയർ എഡ്യൂക്കേഷൻ കൗൺസിലിൻെറ ഹയർ എഡ്യൂക്കേഷൻ സ്കോളർഷിപ്പ് സ്കീമിലേയ്ക്ക് സംഭാവന നൽകുക.**

**എ.കെ.പി.സി.ടി.എ**

Edited, Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463491, Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org. Printing & Typeset: New Genial Printers, Tvpm-0?, Ph: 3012141
Chief Editor: Dr. S. Jayaraj Kumar